VOL NO: 10 I ISSUE 09

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

2026 FEBRUARY 28 I ₹10

## മുഹമ്മദ് നബി(സ്വ) ഒരു സോഷ്യലിസ്റ്റോ?

വ്യാവസായിക മുതലാളിത്തത്തിനെതിരായ പ്രതികരണമായി യൂറോപ്പിൽ ഉയർന്നുവന്ന ഘടനാപരമായ രാഷ്ട്രീയ-സാമ്പത്തിക തത്ത്വചിന്തയാണ് സോഷ്യലിസം. അതിന്റെ പല ക്ലാസിക്കൽ രൂപങ്ങളും മതത്തോട് പൂർണമായും വിയോജിക്കുന്നവയാണ്. പ്രസ്തുത ഭൗതിക പ്രത്യയശാസ്ത്രത്തിന്റെ ആശയസംഹിതകളും, ദൈവിക നിയമങ്ങളുടെ സന്ദേശവാഹകനായ പ്രവാചകന്റെ അധ്യാപനങ്ങളും-എത്ര ’മധുരോദാത്ത റാപ്പറിൽ’ പൊതിഞ്ഞാണെങ്കിലും-സമീകരിക്കാൻ സാധ്യമല്ല തന്നെ!

പരീക്ഷയെ പേടിക്കുകയോ?

റമദാൻ: വിജയത്തിലേക്കുള്ള കവാടം

ധാർമികത നഷ്ടപ്പെടുന്ന ലോകം

റമദാൻ: വിജയത്തിലേക്കുള്ള കവാടം

റൈഹാൻ ഷഹീദ് ● ഡോ. ജസ്‌റത്ത് ● ഉസ്മാൻ പാലക്കാഴി

WISDOM
ISLAMIC ORGANIZATION

നോമ്പ് തുറപ്പിക്കുക പുണ്യം നേടുക

# ഇഫ്ത്വാർ കിറ്റ്



**DONATE US**

**Wisdom Islamic Organisation**
**Account No: 920010022468211**
**Axis Bank, Kallai Road Branch**
**IFSC UTIB0001908**

ഒരു കുടുംബത്തിന്
**₹1500**
താങ്കൾക്കും ഈ മഹത്ത് സംരംഭത്തിൽ പങ്കാളിയാകാം

SCAN AND PAY


9567070031
7907182956

Relief
.......without boundaries

475
നേർപഥം വാരിക
2026 ഫെബ്രുവരി 28
1447 റമദാൻ 10
പുസ്തകം 10 / ലക്കം 09




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**
Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**
Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




റൈഹാൻ ഷഹീദ്

വ്യാവസായിക മുതലാളിത്തത്തിനെതിരായ പ്രതികരണമായി യൂറോപ്പിൽ ഉയർന്നുവന്ന ഘടനാപരമായ രാഷ്ട്രീയ-സാമ്പത്തിക തത്ത്വചിന്തയാണ് സോഷ്യലിസം. അതിന്റെ പല ക്ലാസിക്കൽ രൂപങ്ങളും മതത്തോട് പൂർണമായും വിയോജിക്കുന്നവയാണ്. പ്രസ്തുത ഭൗതിക പ്രത്യയശാസ്ത്രത്തിന്റെ ആശയസംഹിതകളും, ദൈവിക നിയമങ്ങളുടെ സന്ദേശവാഹകനായ പ്രവാചകന്റെ അധ്യാപനങ്ങളും - എത്ര ‘മധുരോദാത്ത റാപ്പറിൽ’ പൊതിഞ്ഞാണെങ്കിലും - സമീകരിക്കാൻ സാധ്യമല്ല തന്നെ!

04 ജാലകം
അല്ലാഹുവിന്റെ വാഗ്ദാനങ്ങളുടെ സവിശേഷത
ശമീർ മദീനി

05 മുഖമൊഴി
ധാർമികത നഷ്ടപ്പെടുന്ന ലോകം!

06 വിദ്യാർഥിപഥം
പരീക്ഷയെ പേടിക്കുകയോ?
ഡോ. സജ്ന നവാസ്

09 ലേഖനം
ആരാധനകളിലെ ആസ്വാദനം
നസീമ വാടാനപ്പള്ളി

16 ആരോഗ്യപഥം
നോമ്പുകാരറിയാൻ
ഡോ. ജസ്റത്ത്

18 ലേഖനം
റമദാൻ: വിജയത്തിലേക്കുള്ള കവാടം
റോഷൻ പുനലൂർ

23 ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുന്നംല്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

26 വിമർശനം
ഇംഗ്ലീഷ് ഭാഷയെ എതിർത്തതെന്തിന്?
മൂസ സ്വലാഹി കാര

29 ലേഖനം
മുഹമ്മദ് നബി(സ്വ)യെ പിൻപറ്റുക
ഇഅ്ജാസ് ബിൻ ഇസ്മാഈൽ,

32 ലേഖനം
റമദാനും വിശുദ്ധ ക്വുർആനും
ഹാഷിം

34 ലേഖനം
വിശുദ്ധ ക്വുർആൻ; അജയ്യം, അനന്യം
ഉസ്മാൻ പാലക്കാഴി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly




# അല്ലാഹുവിന്റെ വാഗ്ദാനങ്ങളുടെ സവിശേഷത

ശമീർ മദീനി
: 9048 221 212

സത്യസന്ധത, വാക്കുപാലനം തുടങ്ങിയ കാര്യങ്ങളെ നല്ല ഗുണങ്ങളായി ആളുകൾ കാണുന്നു. വാക്കിനു വ്യവസ്ഥയുള്ളവരെ സമൂഹം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ വിശേഷണങ്ങളിൽ പെട്ട ഒന്നാണ് ഏറ്റവും നല്ല രൂപത്തിൽ സംസാരിക്കുന്നു, ഏറ്റവും നല്ല രൂപത്തിൽ അവൻ വാക്കുകൾ പാലിക്കുന്നു എന്നത്. അല്ലാഹു പറയുന്നു: “മനുഷ്യരേ, തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു...” (ക്വുർആൻ 35:10).

“അല്ലാഹു - അവനല്ലാതെ യാതൊരു ദൈവവുമില്ല. ഉയിർത്തെഴുന്നേൽപിന്റെ ദിവസത്തേക്ക് അവൻ നിങ്ങളെയെല്ലാം ഒരുമിച്ചുകൂട്ടുകതന്നെ ചെയ്യും. അതിൽ സംശയമേ ഇല്ല. അല്ലാഹുവെക്കാൾ സത്യസന്ധമായി വിവരം നൽകുന്നവൻ ആരുണ്ട്?” (ക്വുർആൻ 4:87).

“...അല്ലാഹുവിന്റെ സത്യമായ വാഗ്ദാനമാണത്. അല്ലാഹുവെക്കാൾ സത്യസന്ധമായി സംസാരിക്കുന്നവൻ ആരുണ്ട്?” (ക്വുർആൻ 4:122).

അല്ലാഹുവിന്റെ ഇത്തരം വാഗ്ദാനങ്ങളിൽ വിശ്വാസമർപ്പിക്കുവാനും ആത്മാർഥമായി അതിൽ പ്രതീക്ഷയോടുകൂടി നിലകൊള്ളുവാനും നമുക്ക് ആവുന്നുണ്ടോ എന്ന് നാം പരിശോധിക്കേണ്ടതുണ്ട്. ആവലാതികളും സങ്കടങ്ങളും ബോധിപ്പിക്കാൻ, നമ്മുടെ ആവശ്യങ്ങൾ പറയാൻ, അല്ലാഹുവല്ലാതെ മറ്റാരുണ്ട്? അല്ലാഹു പറഞ്ഞു:

“നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച” (40:60).

എന്ത് ആവശ്യങ്ങളും വിഷമങ്ങളും പ്രയാസങ്ങളുമുണ്ടെങ്കിലും പടച്ച റബ്ബിനോട് പ്രാർഥിക്കുവാൻ- പ്രത്യേകിച്ച് പ്രാർഥനക്ക് കൂടുതൽ ഉത്തരംകിട്ടുന്ന അവസരങ്ങളിൽ- നബി(സ്വ)യും സ്വഹാബത്തും സലഫുസ്സ്വാലിഹുകളും ശ്രദ്ധിച്ചിരുന്നു. അതിന് നമുക്ക് ആകുന്നുണ്ടോ എന്നു നമ്മൾ ആലോചിക്കണം.

രാത്രിയുടെ അന്ത്യയാമങ്ങളിൽ തഹജ്ജുദ് നമസ്കാരം നിർവഹിച്ച് അല്ലാഹുവിനോട് ആത്മാർഥമായി തേടുവാൻ നമുക്ക് സാധിക്കണം. അതിന് ഉത്തരം ലഭിക്കുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

പള്ളിയിലേക്ക് നമസ്കാരത്തിനായി നടന്നു പോകുന്ന ആളുകൾക്ക് പരലോകത്ത് ഇരുട്ടിൽ ഒരു പ്രകാശമായി ആ നമസ്കാരവും ആ പോക്കും മാറും എന്ന് നബി(സ്വ) അറിയിച്ചിട്ടുണ്ട്. വിശ്വസ്തരും സത്യസന്ധരുമായ കച്ചവടക്കാർക്ക് അല്ലാഹുവിന്റെ അടുക്കലുള്ള സ്ഥാനവും മഹത്ത്വവും അവർക്ക് പരലോകത്ത് കിട്ടാനിരിക്കുന്ന വിജയവും പദവിയുമെല്ലാം അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ പെടുന്നു. അല്ലാഹുവിന്റെയും നബി(സ്വ)യുടെയും വിധിവിലക്കുകൾ അനുസരിച്ച് സൂക്ഷ്മതയുള്ളവരായി ജീവിച്ചാൽ ജീവിതത്തിലുണ്ടാകുന്ന ആശ്വാസവും നിർവൃതിയും അല്ലാഹു വിശ്വാസികൾക്ക് നൽകിയ ഒരു വാഗ്ദാനമാണ്. “അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്നപക്ഷം അല്ലാഹു അവന്നൊരു പോംവഴി ഉണ്ടാക്കിക്കൊടുക്കുകയും അവൻ കണക്കാക്കാത്ത വിധത്തിൽ അവന്ന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്...” (65:2,3).

വാഗ്ദാനം ലംഘിക്കാത്തവനാണ് അല്ലാഹു. അതിൽ വിശ്വാസമർപ്പിച്ച് ജീവിക്കുവാൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

മുഖമൊഴി

# ധാർമികത നഷ്ടപ്പെടുന്ന ലോകം!

മനുഷ്യരാശിയുടെ നിലനിൽപിന്റെയും പുരോഗതിയുടെയും അടിസ്ഥാനശിലയാണ് ധാർമികത. ശരിയും തെറ്റും തിരിച്ചറിയാനുള്ള വിവേകം, സഹജീവികളോടുള്ള കരുണ, സത്യസന്ധത, നീതിബോധം എന്നിവയെല്ലാം ചേർന്നതാണ് ഒരു വ്യക്തിയുടെയും സമൂഹത്തിന്റെയും ധാർമിക മൂല്യങ്ങൾ. ഖേദകരമെന്നു പറയട്ടെ, ശാസ്ത്ര-സാങ്കേതിക വിദ്യകളിൽ മുഷ്യർ ഏറെ മുന്നേറുമ്പോഴും അവരുടെയുള്ളിലെ മനുഷ്യത്വം അഥവാ ധാർമികത പടിപടിയായി കുറഞ്ഞുകൊണ്ടിരിക്കുന്ന കാഴ്ചയാണ് ഇന്ന് നാം കാണുന്നത്.

ഇതിനു പിന്നിലെ പ്രധാന ഘടകങ്ങളിൽ ഒന്ന് അമിതമായ സ്വാർഥതയാണ്. ‘എനിക്കും എന്റെ കുടുംബത്തിനും മാത്രം ഗുണം ലഭിച്ചാൽ മതി’ എന്ന ചിന്താഗതി ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഇത് സഹജീവികളോടുള്ള കടമ മറക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു.

അമിതമായ ഉപഭോഗസംസ്കാരമാണ് മറ്റൊന്ന്. പണവും പദവിയും ലക്ഷ്യമാക്കി ഓടുന്ന തിരക്കിൽ മൂല്യങ്ങൾ മുറുകെ പിടിക്കാൻ പലരും തയ്യാറാകുന്നില്ല. എങ്ങനെയെങ്കിലും പണമുണ്ടാ ക്കുക എന്ന ലക്ഷ്യം മനുഷ്യനെ മനുഷ്യനല്ലാതാക്കി മാറ്റുന്നു. അധർമത്തിന്റെ ഏതറ്റംവരെ പോകാനും ധനത്തോടുള്ള ആർത്തി മനുഷ്യനെ പ്രേരിപ്പിക്കുന്നു.

സാങ്കേതികവിദ്യയുടെ ദുരുപയോഗം മറ്റൊരു ഘടകമാണ്. സോഷ്യൽ മീഡിയയും ഡിജിറ്റൽ ലോകവും മനുഷ്യരെ പരസ്പരം ബന്ധിപ്പിക്കുന്നുണ്ടെങ്കിലും, അവ പലപ്പോഴും വ്യാജവാർത്തകൾ പ്രചരിപ്പിക്കാനും വ്യക്തിഹത്യ നടത്താനും സൈബർ കുറ്റകൃത്യങ്ങൾക്കുമുള്ള വേദിയായി മാറുന്നു. വൃത്തികേടുകൾ കാണുവാനും കേൾക്കുവാനും സാധിക്കുംവിധം മലർക്കെ തുറന്നിട്ട കവാടമാണ് ഇന്റർനെറ്റ് സൗകര്യം. നല്ല കാര്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നതിനെക്കാൾ അത് ചീത്ത കാര്യങ്ങൾക്കാണ് ഉപയോഗിക്കപ്പെടുന്നത്.

കുടുംബബന്ധങ്ങളിലെ വിള്ളൽ മറ്റൊരു ഘടകമാണ്. മൂല്യങ്ങൾ പകർന്നുനൽകേണ്ട ആദ്യത്തെ വിദ്യാലയം വീടാണ്. എന്നാൽ ഇന്നത്തെ തിരക്കുപിടിച്ച ലോകത്ത് മാതാപിതാക്കൾക്ക് അതിനു സമയം ലഭിക്കുന്നില്ല, ഉണ്ടെങ്കിൽതന്നെ അതിന് വലിയ പ്രാധാന്യം നൽകുന്നില്ല. മാതാപിതാക്കൾക്കും കുട്ടികൾക്കും ഇടയിലുള്ള ആശയവിനിമയം കുറഞ്ഞുവരുന്നത് കുട്ടികളുടെ സ്വഭാവത്തെയും മൂല്യബോധത്തെയും ബാധിക്കുമെന്നതിൽ സംശയമില്ല.

ധാർമികത ഇല്ലാതാകുന്നതിന്റെ ഫലമായി സമൂഹത്തിൽ അഴിമതി, അക്രമങ്ങൾ, ലഹരിവസ്തുക്കളുടെ ഉപയോഗം, സ്ത്രീപീഡനം, കൊലപാതകം പോലുള്ളവ വർധിച്ചുവരുന്നു. സ്വാർഥത മൂലം പരിസ്ഥിതിയെ നശിപ്പിക്കാനും മനുഷ്യൻ മടിക്കുന്നില്ല. നിയമങ്ങൾകൊണ്ട് മാത്രം ഒരു സമൂഹത്തെ നന്നാക്കാൻ കഴിയില്ല; മറിച്ച്, ഓരോ വ്യക്തിയുടെയും ഉള്ളിൽ ഉണ്ടാകേണ്ട ധാർമികബോധത്തിന് മാത്രമെ ലോകത്തെ മാറ്റാൻ സാധിക്കൂ.

വിദ്യാലയങ്ങളിൽ മൂല്യബോധം പഠിപ്പിക്കപ്പെടണം. സഹജീവികളെ സ്നേഹിക്കാനും കരുണ കാണിക്കാനും ബഹുമാനിക്കാനും ശീലിപ്പിക്കണം. മുതിർന്നവർ തങ്ങളുടെ പ്രവൃത്തികളിലൂടെ കുട്ടികൾക്ക് ഉത്തമ മാതൃകകളാവണം. മതത്തിന്റെയും മറ്റും പേരിൽ വിദ്വേഷം വച്ചുപുലർത്തുന്നതും അസഹിഷ്ണുത കാണിക്കുന്നതും മനുഷ്യത്വവിരുദ്ധ പ്രവർത്തനമാണെന്ന് കുട്ടികളെ പഠിപ്പിക്കണം.

ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ എല്ലാ തുറകളിലും ധാർമികമൂല്യങ്ങൾ മുറുകെ പിടിക്കൽ അനിവാര്യമാണ്. മനുഷ്യൻ എത്രയൊക്കെ ഉയരങ്ങൾ കീഴടക്കിയാലും ധാർമികത എന്ന അടിത്തറ തകർന്നാൽ ആ നേട്ടങ്ങൾക്കൊന്നും നിലനിൽപ്പില്ല. സ്നേഹവും സത്യസന്ധതയും കരുണയും നിറഞ്ഞ ഒരു ലോകം കെട്ടിപ്പടുക്കാൻ നമുക്ക് ഓരോരുത്തർക്കും ഉത്തരവാദിത്തമുണ്ട്. ആ വിവേകം ഉദിക്കുന്നിടത്ത് മാത്രമെ ലോകം കൂടുതൽ മനോഹരമാകൂ.



# പരീക്ഷയെ പേടിക്കുകയോ?

ഡോ. സജ്ന നവാസ്

ഇത് പരീക്ഷയുടെ കാലമാണ്; കുട്ടികളാകട്ടെ പരീക്ഷാപേടിയിലും. വേനലിലെ സൂര്യന്റെ ചൂട് മാത്രമല്ല നമ്മുടെ വീടുകളിലെ ചൂട് കൂട്ടുന്നതിന് കാരണക്കാരൻ. പരീക്ഷകൾ വീട്ടിലും നാട്ടിലും സമൂഹത്തിലുമൊക്കെ ചൂടുകൂട്ടുന്നുണ്ട്. തങ്ങളുടെ ഭാവിയോർത്ത് കുട്ടികളും കുട്ടികളുടെ കാര്യമോർത്ത് രക്ഷിതാക്കളും സ്കൂളിന്റെ അന്തസ്സും അഭിമാനവും ഓർത്ത് അധ്യാപകരും ആശങ്കപ്പെടുന്നു.

പേടിയും ടെൻഷനുമൊക്കെ ചെറിയ രീതിയിൽ നല്ലതാണ്. അത് പ്രവർത്തിക്കാനുള്ള ഒരു ഊർജമാണ്. പക്ഷേ, അതിന്റെ അളവ് കൂടിയാലോ? അത് സാരമായി പഠനത്തെയും പരീക്ഷയെയും ബാധിക്കും. പരീക്ഷയുടെ സമയമായാൽ ഉൽക്കണ്ഠയും വിഷാദവുമായി വരുന്ന കുട്ടികളുടെ എണ്ണം

**ഒരു പരീക്ഷക്കും എല്ലാവരെയും ഒരുപോലെ അളക്കാൻ സാധിക്കില്ല. ഒരു പരീക്ഷയിലെ പിഴവോ തെറ്റോ നമ്മെ തളർത്തരുത്. ഏത് പ്രതിസന്ധികളിലും തളരാതെ ഇനിയുള്ള സമയം കൃത്യമായി ഉപയോഗിച്ച് ആത്മവിശ്വാസത്തോടെ, റബ്ബിനോടുള്ള പ്രാർഥനയോടുകൂടി നേരിടുക. വിജയം കൂടെയുണ്ടാകും, അല്ലാഹു ഉദ്ദേശിച്ചാൽ.**

വർധിച്ചുവരികയാണ്. പരീക്ഷക്കാലത്ത് വേണ്ടത് പേടിയല്ല, ആത്മവിശ്വാസമാണ്. കൂടാതെ റബ്ബിനോടുള്ള അകമഴിഞ്ഞ പ്രാർഥനയും അനിവാര്യമാണ്. പരീക്ഷയിൽ എനിക്ക് ഉന്നത വിജയം നേടാൻ സാധിക്കും, എന്റെ റബ്ബ് എന്നെ കൈവിടില്ല എന്ന അത്മവിശ്വാസത്തോടെ, പ്രാർഥനാനിർഭരമായ മനസ്സോടെ, നന്നായി പഠിച്ച് പരീക്ഷയെ നേരിടണം.

**രക്ഷിതാക്കളുടെ ശ്രദ്ധയ്ക്ക്**

- കുട്ടികളുടെ ചുമലിലെ ഭാരം കുറയ്ക്കുക എന്നതാണ് നമുക്ക് അവരെ സഹായിക്കാനുള്ള ആദ്യപടി.
- രക്ഷിതാക്കളിൽ മക്കളെ കുറിച്ച് അമിത പ്രതീക്ഷയോ ഉൽക്കണ്ഠയോ വേണ്ട.
- കുറ്റപ്പെടുത്തലുകളും താരതമ്യങ്ങളും പാടില്ല. ഓരോ കുട്ടിയും വ്യത്യസ്തനാണ്. കഴിവ്, താൽപര്യം, പഠിക്കാനെടുക്കുന്ന സമയം, മനസ്സിലാക്കുന്ന രീതി, പ്രകടിപ്പിക്കുന്ന രീതി എന്നിവ ഓരോരുത്തർക്കും വ്യത്യസ്തമാവാം.
- കുട്ടികൾക്ക് അവനവന്റെ കഴിവുകളിൽ വിശ്വസിക്കാനുള്ള സാഹചര്യം ഉണ്ടാക്കുക. ഇത് ആത്മവിശ്വാസം വളർത്തും.

**വിദ്യാർഥികൾ ശ്രദ്ധിക്കേണ്ടത്**

- പഠനം പ്രധാനമാണ്. ചിട്ടയായ ആസൂത്രണവും തയ്യാറെടുപ്പും പരീക്ഷാ കാര്യത്തിൽ വളരെ പ്രധാനമാണ്.
- പഠിക്കാൻ ഏറ്റവും അനുയോജ്യമായ അന്തരീക്ഷം തെരഞ്ഞെടുക്കുക.
- മുൻകൂട്ടി പാഠഭാഗങ്ങൾ പഠിക്കുന്നതിനായി ഒരു ടൈംടേബിൾ നിശ്ചയിക്കണം. ബുദ്ധിമുട്ടുള്ള വിഷയങ്ങൾക്ക് മുൻഗണന നൽകി പഠിക്കണം.
- ഒഴിവു സമയങ്ങളിൽ പഠിച്ച പ്രധാന പാഠഭാഗങ്ങൾ ഓർത്തെടുക്കുന്നത് അവ മനസ്സിൽ ഉറപ്പിക്കാൻ നല്ലതാണ്.
- പൊതുവെ പുലർച്ചയാണ് പഠനത്തിന് ഉത്തമമെങ്കിലും ഓരോ വ്യക്തിക്കും ഇത് വ്യത്യസ്തമാവാം.
- പഠനനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് അതിരുവിട്ട ഫോൺ ഉപയോഗം. പരീക്ഷക്കാലത്തെങ്കിലും വിദ്യാർഥികൾ Digital Detox മാർഗങ്ങൾ പാലിക്കേണ്ടതാണ്.

പരീക്ഷാസമയത്ത് ഡിജിറ്റൽ ഉപകരണങ്ങളുടെ അധിക ഉപയോഗം ശ്രദ്ധ ചിതറാനും സമയം നഷ്ടപ്പെടാനും ഉറക്കക്കുറവുണ്ടാകാനും കാരണമാകുന്നു. അതിനാൽ Digital Detox എന്നത് പഠനത്തിൽ സ്ഥിരതയും മികച്ച പ്രകടനവും ഉറപ്പാക്കുന്ന ഒരു പ്രധാന ശീലമാണ്.

*Digital Detox പ്രായോഗികമാക്കുമ്പോൾ;*

- ഏകാഗ്രത (focus) വർധിക്കുന്നു,
- ഓർമശക്തി മെച്ചപ്പെടുന്നു,
- പഠനസമയം കാര്യക്ഷമമാകുന്നു,
- മാനസിക സമ്മർദം കുറയുന്നു,
- ഉറക്കത്തിന്റെ ഗുണമേന്മ ഉയരുന്നു.

ഇതിനു വിദ്യാർഥികൾ പാലിക്കേണ്ട ഫലപ്രദമായ രീതികൾ:

1. Phone-free study blocks: പഠിക്കുന്ന സമയത്ത് ഫോൺ silent modeൽ വച്ച് കാഴ്ചയിൽ നിന്ന് അകറ്റി വയ്ക്കുക.
2. Social media നിയന്ത്രണം:

Instagram, YouTube, WhatsApp തുടങ്ങിയ ആപ്പുകൾക്ക് നിശ്ചിത സമയം മാത്രം അനുവദിക്കുക.

3. Structured study method: 25-30 മിനുട്ട് പഠനം, + 5 മിനിറ്റ് break (Pomodoro).

   Break സമയത്ത് പോലും scrolling ഒഴിവാക്കുക.

4. Notification minimalism: ആവശ്യവുമായ apps മാത്രം notifications on ആക്കുക, മറ്റെല്ലാം ഓഫ് ചെയ്യുക.

5. Night digital detox habit: ഉറങ്ങുന്നതിന് കുറഞ്ഞത് 1 മണിക്കൂർ മുമ്പ് screen ഒഴിവാക്കുക; പകരംrevision / next-day planning ചെയ്യുക.

6. Device as learning tool: ഫോൺ entertainmentന് ഉപയോഗിക്കാതിരിക്കുക, പഠനത്തിനായി മാത്രം ഉപയോഗിക്കുക (doubt clearing, lectures).

**ആരോഗ്യകാര്യത്തിൽ ശ്രദ്ധിക്കേണ്ടത്:**

- ഭക്ഷണം, വ്യായാമം, ഉറക്കം എന്നിവയ്ക്ക് കൃത്യമായി സമയക്രമം ഉണ്ടാകണം.
- ധാരാളം വെള്ളം കുടിക്കുക. ദഹിക്കാൻ എളുപ്പമുള്ളതും ജലാംശം കൂടിയതുമായ പഴങ്ങളും പച്ചക്കറികളും കൂടുതൽ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക. ബദാം, അണ്ടിപ്പരിപ്പ്, മത്സ്യം തുടങ്ങിയവ ബുദ്ധിവളർച്ചയെ ത്വരിതപ്പെടുത്തുന്ന ഭക്ഷണങ്ങളാണ്.
- ലഘു വ്യായാമങ്ങളിൽ ഏർപ്പെടുക.

**പരീക്ഷയ്ക്ക് പോകുമ്പോൾ ശ്രദ്ധിക്കേണ്ടത്:**

- പഠനം പോലെ പ്രധാനമാണ് പഠിച്ച കാര്യങ്ങൾ അവതരിപ്പിക്കലും.
- പഠിക്കുമ്പോഴും പരീക്ഷ എഴുതുമ്പോഴും ചിത്രങ്ങളും ചാർട്ടുകളും പട്ടികകളും നന്നായി ഉപയോഗപ്പെടുത്തുക.
- പരീക്ഷയ്ക്ക് ആവശ്യമായ സാധനങ്ങൾ തലേദിവസം തന്നെ എടുത്തു വയ്ക്കുക.
- പരീക്ഷയുടെ തലേന്ന് രാത്രി ഉറക്കമൊഴിച്ച് പഠിക്കരുത്. രാവിലെ ഉണർന്ന്, പഠിച്ചതെല്ലാം ഒന്ന് ഓർക്കുന്നത് നന്നായിരിക്കും.
- പോഷകസമൃദ്ധമായ പ്രഭാത ഭക്ഷണം അമിതമാകാതെ കഴിക്കുക.
- പരീക്ഷാസെന്ററിൽ കുറച്ചു നേരത്തെ എത്തുക.
- പരീക്ഷാമുറിയിൽ കയറുന്നതിനു മുമ്പ് ടോയ്‌ലറ്റിൽ പോകുക. ആവശ്യത്തിന് വെള്ളം കുടിക്കുക.
- പരീക്ഷാമുറിയിലെ സ്വന്തം സ്ഥലം കണ്ടെത്തി ഇരുന്നു കഴിഞ്ഞാൽ കുറച്ചുനേരം ശാന്തമായിരുന്നു ശ്വാസോച്ഛ്വാസത്തിൽ ശ്രദ്ധിക്കുക. ഇത് ടെൻഷൻ കുറയ്ക്കാൻ സാധിക്കും.
- സമയം ക്രമീകരിച്ച് ഉത്തരങ്ങൾ എഴുതുക.
- പരീക്ഷാസമയം തീരുന്നതിന് പത്ത് മിനുട്ട് മുമ്പ് എഴുത്ത് അവസാനിപ്പിക്കണം. എഴുതിയ കാര്യങ്ങൾ, ചോദ്യനമ്പർ എന്നിവ ശരിയാണോ എന്ന് ചെക്ക് ചെയ്യുന്നതിന് ഈ സമയം പ്രയോജനപ്പെടുത്താം.

**പേടിയും ടെൻഷനുമൊക്കെ ചെറിയ രീതിയിൽ നല്ലതാണ്. അത് പ്രവർത്തിക്കാനുള്ള ഒരു ഊർജമാണ്. പക്ഷേ, അതിന്റെ അളവ് കൂടിയാലോ? അത് സാരമായി പഠനത്തെയും പരീക്ഷയെയും ബാധിക്കും. പരീക്ഷയുടെ സമയമായാൽ ഉൽക്കണ്ഠയും വിഷാദവുമായി വരുന്ന കുട്ടികളുടെ എണ്ണം വർധിച്ചുവരികയാണ്. പരീക്ഷക്കാലത്ത് വേണ്ടത് പേടിയല്ല, ആത്മവിശ്വാസമാണ്.**

കൂട്ടുകാരേ, ശ്രദ്ധിക്കൂ!

ഒരു പരീക്ഷക്കും എല്ലാവരെയും ഒരുപോലെ അളക്കാൻ സാധിക്കില്ല. ഒരു പരീക്ഷയിലെ പിഴവോ തെറ്റോ നമ്മെ തളർത്തരുത്. ഏത് പ്രതിസന്ധികളിലും തളരാതെ ഇനിയുള്ള സമയം കൃത്യമായി ഉപയോഗിച്ച് ആത്മവിശ്വാസത്തോടെ, റബ്ബിനോടുള്ള പ്രാർഥനയോടുകൂടി നേരിടുക. വിജയം കൂടെയുണ്ടാകും, അല്ലാഹു ഉദ്ദേശിച്ചാൽ. ■

# ആരാധനകളിലെ ആസ്വാദനം

നസീമ വാടാനപ്പള്ളി

വിശ്വാസികളെ സംബന്ധിച്ചിടത്തോളം റമദാൻ ആരാധനകളുടെ വിളനിലമാണ്. ആബാലവൃദ്ധം വിശ്വാസികളും ആരാധനകളിൽ സജീവമാകുന്ന മാസമാണിത്. ആരാധനകളുടെ എണ്ണപ്പെരുപ്പം എന്നതിലുപരി ചെയ്യുന്നത് ആത്മാർഥതയുള്ളതായിരിക്കണം. കർമങ്ങൾ സ്വീകാര്യയോഗ്യമായിത്തീരുവാൻ തക്കവണ്ണം നിയ്യത്ത് നന്നാക്കുവാനും ചെയ്യുന്നതിൽ ആസ്വാദനം കണ്ടെത്തുവാനും കഴിയണം. ആരാധനയുടെ പൊരുൾ തിരിച്ചറിഞ്ഞാലാണ് അതിൽ ആസ്വാദനം കണ്ടെത്താൻ കഴിയുക. 'ആരാധന' അഥവാ 'ഇബാദത്ത്' എന്നതിന് ക്വുർആനും ഹദീസും നൽകുന്ന വിശദീകരണം നാം ശരിക്കും മനസ്സിലാക്കേണ്ടതുണ്ട്.

ആരാധന, അനുസരണം, താഴ്മ കാണിക്കൽ എന്നിങ്ങനെ ഭാഷാപരമായി അറബിയിൽ ഒരുപാട് അർഥങ്ങളുള്ള ഒരു പദമാണ് 'ഇബാദത്ത്' എന്നത്. 'ആരാധന' എന്നതാണ് മതപരമായി പൊതുവെ നൽകിവരുന്ന അർഥം. അല്ലാഹുവിന് ഇഷ്ടപ്പെട്ടതും അവൻ തൃപ്തിപ്പെടുന്നതുമായ എല്ലാ വാക്കുകളും പ്രവൃത്തികളും ഇബാദത്താണ് അഥവാ ആരാധനയാണ്. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ (റഹി) പറഞ്ഞു: 'അല്ലാഹു ഇഷ്ടപ്പെടുന്നതും തൃപ്തിപ്പെടുന്നതുമായ പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ വാക്കുകളെയും പ്രവൃത്തികളെയും ഉൾക്കൊള്ളുന്ന നാമമാണ് ഇബാദത്ത്.'

ഇബാദത്ത് അല്ലാഹുവിന് മാത്രമായിരിക്കണം എന്ന് ഇസ്‌ലാം നിഷ്‌കർശിക്കുന്നു. ഇബാദത്തിന് മൂന്ന് റുക്നുകൾ ഉള്ളതായി പണ്ഡിതന്മാർ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിനോടുള്ള സ്നേഹം, ഭയം, പ്രതീക്ഷ എന്നിവയാണ് അവ.

ഇമാം ഇബ്നുൽ ക്വയ്യിം(റഹി) ഇതിനെ ഒരു പക്ഷിയോട് ഉപമിച്ചിട്ടുണ്ട്. പക്ഷിക്ക് പറക്കാൻ അതിന്റെ തലയും രണ്ട് ചിറകുകളും അത്യാവശ്യമാണല്ലോ. സ്നേഹം എന്നത് പക്ഷിയുടെ തലയാണ്. ഭയവും പ്രതീക്ഷയും അതിന്റെ രണ്ട് ചിറകുകളും.

*1. സ്നേഹം (ഹുബ്ബ്):* അല്ലാഹു നമുക്ക് നൽകിയ അനുഗ്രഹങ്ങൾ ഓർക്കുന്നതിലും അവൻ മാത്രമാണ് ആരാധനയ്ക്ക് അർഹൻ എന്ന തിരിച്ചറിവിലുമാണ് ഈ സ്നേഹം ഉടലെടുക്കുന്നത്. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും അല്ലാഹുവോടുള്ള സ്നേഹത്താൽ പ്രേരിതമായിരിക്കണം. അല്ലാഹുവിനെ സ്നേഹിക്കുന്നവൻ അവന്റെ കൽപനകളെല്ലാം സന്തോഷത്തോടെ അനുസരിക്കും.

*2. ഭയം (ഖൗഫ്):* അല്ലാഹുവിന്റെ ശിക്ഷയെയും അവന്റെ അതൃപ്തിയെയും കുറിച്ചുള്ള ഭയമാണിത്. ഇത് ഒരു വിശ്വാസിയെ തെറ്റുകളിൽനിന്ന് പിന്തിരിപ്പിക്കുന്നു. കത്തുന്ന തീയിൽ വീഴാൻ ഒരാൾ പേടിക്കുന്നത് പോലെ അല്ലാഹുവിന്റെ കോപത്തെയും നരകത്തെയും ഭയപ്പെടണം. ഈ ഭയം നമ്മെ അഹങ്കാരികളാകാതെ കാക്കുന്നു.

*3. പ്രതീക്ഷ (റജാഅ്):* അല്ലാഹുവിന്റെ കാരുണ്യത്തിലും പാപമോചനത്തിലും സ്വർഗത്തിലും പ്രതീക്ഷ വയ്ക്കുക എന്നതാണ് ഇത്. എത്ര വലിയ തെറ്റ് ചെയ്താലും അല്ലാഹു പൊറുത്തുതരുമെന്ന പ്രതീക്ഷ വിശ്വാസിക്ക് ആശ്വാസം നൽകുന്നു. ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ തളർന്നുപോകാതിരിക്കാൻ ഈ പ്രതീക്ഷ സഹായിക്കുന്നു.

ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഇവ മൂന്നും ശരിയായ അളവിൽ ഉണ്ടായിരിക്കണം. ഭയം കൂടിയാൽ അത് നിരാശയിലേക്ക് നയിക്കും. 'അല്ലാഹു എനിക്ക് മാപ്പ് തരില്ല' എന്ന് ചിന്തിക്കാൻ തുടങ്ങും. പ്രതീക്ഷ മാത്രം കൂടുന്നത് അശ്രദ്ധയിലേക്ക് നയിക്കും. 'അല്ലാഹു എല്ലാം പൊറുക്കുമല്ലോ, അതുകൊണ്ട് എന്ത് തെറ്റും ചെയ്യാം' എന്ന ചിന്ത വരും. സ്നേഹത്തോടെ ആരാധനകൾ ചെയ്യുകയും ശിക്ഷയെ ഭയപ്പെട്ട് തെറ്റുകൾ ഒഴിവാക്കുകയും അല്ലാഹുവിന്റെ കാരുണ്യത്തിൽ പൂർണമായി പ്രതീക്ഷയർപ്പിക്കുകയും ചെയ്യുക എന്നതാണ് ഉത്തമമായ വഴി. അപ്പോഴാണ് ആരാധനകളിൽ ആസ്വാദനം കണ്ടെത്താൻ കഴിയുക. ■






# മുഹമ്മദ് നബി(സ്വ)
# ഒരു സോഷ്യലിസ്റ്റോ?

റൈഹാൻ ഷഹീദ്
: 8921259204

കെ.ടി ജലീൽ എംഎൽഎ എഴുതിയ 'സോഷ്യലിസ്റ്റായ മുഹമ്മദ് നബി' എന്ന പുസ്തകം പ്രകാശനം ചെയ്യുന്ന ചടങ്ങിൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ  സോഷ്യലിസ്റ്റ് എന്ന് വിളിക്കപ്പെടാൻ എല്ലാ അർഥത്തിലും യോഗ്യനാണ് മുഹമ്മദ് നബിയെന്ന് പ്രസ്താവിക്കുകയുണ്ടായി.

"മനുഷ്യനന്മ കാംക്ഷിച്ച് പ്രവർത്തിച്ച മഹാമനീഷികളാണ് ചരിത്രത്തിലെ സോഷ്യലിസ്റ്റുകൾ. ശ്രീരാമനും ശ്രീകൃഷ്ണനും യേശുക്രിസ്തുവും മോസസും മുഹമ്മദ് നബിയുമെല്ലാം മനുഷ്യപക്ഷത്ത് നിലയുറപ്പിച്ചവരാണ്. ഈ സമഭാവന സങ്കൽപം കലരുന്നതുകൊണ്ടു

**വ്യാവസായിക മുതലാളിത്തത്തിനെതിരായ പ്രതികരണമായി യൂറോപ്പിൽ ഉയർന്നുവന്ന ഘടനാപരമായ രാഷ്ട്രീയ-സാമ്പത്തിക തത്ത്വ ചിന്തയാണ് സോഷ്യലിസം. അതിന്റെ പല ക്ലാസിക്കൽ രൂപങ്ങളും മതത്തോട് പൂർണ മായും വിയോജിക്കുന്നവയാണ്. പ്രസ്തുത ഭൗതിക പ്രത്യയശാസ്ത്രത്തിന്റെ ആശയ സംഹിതകളും, ദൈവിക നിയമങ്ങളുടെ സന്ദേശവാഹകനായ പ്രവാചകന്റെ അധ്യാപ നങ്ങളും - എത്ര 'മധുരോദാത്ത റാപ്പറിൽ' പൊതിഞ്ഞാണെങ്കിലും - സമീകരിക്കാൻ സാധ്യമല്ല തന്നെ!**



കൂടിയാണ് സോഷ്യലിസ്റ്റ് എന്ന വാക്ക് കേൾക്കാൻ ഇമ്പമുള്ളതാകുന്നത്. ആധുനിക മനുഷ്യന്മാരിൽ വിശ്വാസികളെയും അവിശ്വാസികളെയും കാണാം. വിശ്വാസമേതുമാകട്ടെ, പ്രഥമ പരിഗണന മനുഷ്യന് നൽകുന്നവരാണ് സോഷ്യലിസ്റ്റ്' എന്നും മുഖ്യമന്ത്രി വിശദീകരിക്കുകയുണ്ടായി.

നീതിയോടും ദരിദ്രരോടുമുള്ള പ്രവാചകന്റെ താൽപര്യത്തെ പ്രശംസിക്കുന്നതിനായിരിക്കാം അത്തരമൊരു പരാമർശം നടത്തിയതെങ്കിലും, ഇസ്‌ലാമിക വീക്ഷണകോണിൽ ആ ലേബൽ ശരിയല്ല.

ഈ പ്രസ്താവന എന്തുകൊണ്ടാണ് ശരിയല്ല എന്നു പറയുന്നതെന്ന് മനസ്സിലാക്കാൻ, സോഷ്യലിസം യഥാർഥത്തിൽ എന്താണെന്ന് മനസ്സിലാക്കേണ്ടതുണ്ട്.

വ്യാവസായിക മുതലാളിത്തത്തിനെതിരായ പ്രതികരണമായി 19ാം നൂറ്റാണ്ടിലെ യൂറോപ്പിൽ ഉയർന്നുവന്ന ഒരു ഘടനാപരമായ രാഷ്ട്രീയ-സാമ്പത്തിക തത്ത്വചിന്തയാണ് സോഷ്യലിസം. അതിൽ ദരിദ്രരോടുള്ള അനുകമ്പയുണ്ട്. ചരിത്രപരമായ ഭൗതികവാദം, വർഗസമരം, ഉൽപാദന മാർഗങ്ങളുടെ കൂട്ടായ ഉടമസ്ഥാവകാശം തുടങ്ങിയ പ്രധാന തത്ത്വങ്ങളെ ചുറ്റിപ്പറ്റിയാണ് കാൾ മാർക്സ്, ഫ്രെഡറിക് ഏംഗൽസ് തുടങ്ങിയ ചിന്തകർ ഇത് വികസിപ്പിച്ചെടുത്തത്. അതിന്റെ പല ക്ലാസിക്കൽ രൂപങ്ങളിലും, അത് വ്യക്തമായി മതേതരവും മതത്തോട് ശത്രുത പുലർത്തുന്നതുമാണ്. അടിച്ചമർത്തപ്പെട്ടവരെ മരവിപ്പിക്കുന്ന ഒരു മിഥ്യയായിട്ടാണ് മാർക്സ് തന്നെ മതത്തെ വിശേഷിപ്പിച്ചത്.

പ്രവാചകൻ(സ) ഒരു ഭൗതികവാദ പ്രത്യയശാസ്ത്രത്തിന്റെ വക്താവല്ല. തൗഹീദ്, ധാർമിക ഉത്തരവാദിത്തം, ദൈവിക നിയമം എന്നിവയിൽ അധിഷ്ഠിതമായ ഒരു നിയമസംഹിതയാണ് നബി(സ) സ്ഥാപിച്ചത്. അത് അദ്ദേഹത്തിന്റെ ചിന്തയുടെ ഉൽപന്നമല്ല, പൂർണമായും ദൈവികമാണ്.

### സ്വകാര്യസ്വത്തും ഉടമസ്ഥതയും

ക്ലാസിക്കൽ സോഷ്യലിസത്തിന്റെ ഒരു കേന്ദ്രസ്തംഭം ഉൽപാദന ആസ്തികളുടെ സ്വകാര്യ ഉടമസ്ഥത നിർത്തലാക്കുകയോ കർശനമായി നിയന്ത്രിക്കുകയോ ചെയ്യുക എന്നതാണ്. ഇസ്‌ലാം സ്വകാര്യ സ്വത്തിനെ തള്ളിപ്പറയുന്നില്ല. നിയമാനുസൃതം ഒരാൾക്ക് എത്ര വേണമെങ്കിലും സമ്പാദിക്കാം.

ക്വുർആൻ പറയുന്നു: "നിങ്ങൾ പരസ്പരം സമ്പത്ത് അന്യായമായി തിന്നരുത്" (ക്വുർആൻ 2:188). ഈ വാക്യം വ്യക്തിഗത ഉടമസ്ഥാവകാശത്തെ അംഗീകരിക്കുന്നതോടൊപ്പം അതിൽ പുലർത്തേണ്ട ധാർമികത ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. സമ്പത്ത് വ്യക്തികളുടെതാണ്, എന്നിരുന്നാലും അതിന്റെ ഉപ

യോഗം ധാർമികമായി നിയന്ത്രിക്കപ്പെടുന്നു.

പ്രവാചകൻ(സ്വ) സ്വത്തവകാശങ്ങളെക്കുറിച്ച് ആവർത്തിച്ച് പറയുന്നതായി കാണാം. ഒരു മുസ്‌ലിമിന്റെ രക്തം, സമ്പത്ത്, അഭിമാനം എന്നിവ ഏറെ പവിത്രമാണെന്നും നബി(സ്വ) പ്രഖ്യാപിച്ചു.

ഒരു ഹദീസിൽ ഇപ്രകാരം കാണാം: ‘ആരെങ്കിലും ഒരു തരിശുഭൂമിയെ ഫലഭൂയിഷ്ഠമാക്കുന്നുവെങ്കിൽ, അത് അവനുള്ളതാണ്’ (തിർമിദി)

സ്വഹാബികൾക്ക് ഭൂമി, ബിസിനസുകൾ, കൃഷിയിടങ്ങൾ, വ്യാപാര യാത്രാസംഘങ്ങൾ എന്നിവ ഉണ്ടായിരുന്നു. അബൂബക്കർ(റ), ഉസ്മാൻ(റ) തുടങ്ങിയ സമ്പന്നരായ സ്വഹാബിമാർ ഒരിക്കലും സമ്പന്നരായതിന്റെ പേരിൽ കുറ്റപ്പെടുത്തപ്പെട്ടിട്ടില്ല. അവർ തങ്ങളുടെ സമ്പത്ത് അല്ലാഹുവിന്റെ മാർഗത്തിൽ ഉപയോഗിച്ചപ്പോൾ പ്രശംസിക്കപ്പെടുകയാണ് ചെയ്തത്.

ഇസ്‌ലാം ഉടമസ്ഥാവകാശത്തെ ഇല്ലാതാക്കുന്നില്ല. അത് അതിനെ പവിത്രമാക്കുകയും ഉത്തരവാദിത്തവുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു.

**സകാത്ത് സോഷ്യലിസമോ?**

സകാത്ത് സോഷ്യലിസ്റ്റ് പുനർവിതരണവുമായി സാമ്യമുള്ളതാണെന്ന് ചിലർ വാദിക്കുന്നു. ഈ താരതമ്യം ഉപരിപ്ലവമാണ്. സകാത്ത് ദൈവികമായി കൽപിക്കപ്പെട്ട ഒരു ആരാധനയാണ്. ഖുർആനിൽ നമസ്കാരത്തോടൊപ്പം ഇത് ആവർത്തിച്ച് പരാമർശിക്കപ്പെടുന്നു. ‘നിങ്ങൾ നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും ചെയ്യുക’ (2:43). ഇത് സമ്പത്തിനെ ശുദ്ധീ

**അടിച്ചമർത്തപ്പെട്ടവരെ മരവിപ്പിക്കുന്ന ഒരു മിഥ്യയായിട്ടാണ് മാർക്സ് തന്നെ മതത്തെ വിശേഷിപ്പിച്ചത്. പ്രവാചകൻ (സ്വ) ഒരു ഭൗതികവാദ പ്രത്യയശാസ്ത്രത്തിന്റെ വക്താവല്ല. തൗഹീദ്, ധാർമിക ഉത്തരവാദിത്തം, ദൈവിക നിയമം എന്നിവയിൽ അധിഷ്ഠിതമായ ഒരു നിയമസംഹിതയാണ് നബി(സ്വ) സ്ഥാപിച്ചത്. അത് അദ്ദേഹത്തിന്റെ ചിന്തയുടെ ഉൽപന്നമല്ല, പൂർണമായും ദൈവികമാണ്.**

കരിക്കുകയും ഖുർആൻ 9:60ൽ വിവരിക്കുന്ന സ്വീകർത്താക്കളെ പിന്തുണയ്ക്കുകയും ചെയ്യുന്നു.

എല്ലാ സാമ്പത്തിക വ്യത്യാസങ്ങളും ഇല്ലാതാക്കാൻ ഇസ്‌ലാം ലക്ഷ്യമിടുന്നില്ല. ദൈവിക ജ്ഞാനത്തിന്റെ ഭാഗമായി വിതരണത്തിലെ അസമത്വങ്ങളെ ഖുർആൻ അംഗീകരിക്കുന്നു: ‘നാമാണ് ഐഹികജീവിതത്തിൽ അവർക്കിടയിൽ അവരുടെ ജീവിതമാർഗം പങ്കുവെച്ചു കൊടുത്തത്. അവരിൽ ചിലർക്ക് ചിലരെ കീഴാളരാക്കി വെക്കത്തക്കവണ്ണം അവരിൽ ചിലരെ മറ്റു ചിലരെക്കാൾ ഉപരി നാം പല പടികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു’(43:32).

നിർബന്ധിതമായ സമത്വമല്ല, നീതിയും അടിച്ചമർത്തൽ തടയലുമാണ് ലക്ഷ്യം. സോഷ്യലിസം ഘടനാപരമായ സമത്വം തേടുന്നു. ദൈവിക കൽപനപ്രകാരം ഇസ്‌ലാം ധാർമിക സന്തുലിതാവസ്ഥ തേടുന്നു.

**വിപണി സ്വാതന്ത്ര്യവും സംസ്ഥാന നിയന്ത്രണവും**

മദീനയിൽ പ്രവാചകൻ(സ്വ) ഒരു സ്വതന്ത്ര വിപണി സ്ഥാപിച്ചു. അദ്ദേഹം വ്യാപാരം ദേശസാൽക്കരിക്കുകയോ (nationalise) സ്വകാര്യ സംരംഭം നിർത്തലാക്കുകയോ ഉൽപാദനം കേന്ദ്രീകരിക്കുകയോ ചെയ്തില്ല. വില നിശ്ചയിക്കുന്നതിൽ ഇടപെട്ടില്ല. എന്നാൽ അന്യായമായ ലാഭത്തെയും വഞ്ചനയെയും പൂഴ്ത്തിവയ്പ്പിനെയും മായം ചേർക്കലിനെയും മറ്റും എതിർത്തു. പ്രവാചക മാതൃക കേന്ദ്രീകൃത സാമ്പത്തിക ആസൂത്രണത്തെ അടിസ്ഥാനമാക്കിയുള്ളതല്ലെന്ന് ഇത് തെളിയിക്കുന്നു. ചൂഷണം, കുത്തക, പലിശ എന്നിവയെ കർശനമായി നിരോധിച്ചു.

ഇസ്‌ലാം ധാർമികമായി നിയന്ത്രിതമായ ഒരു വിപണി വാഗ്ദാനം ചെയ്യുന്നു. മുതലാളിത്തം പലപ്പോഴും സാമ്പ

ത്തിക ശാസ്ത്രത്തെ ധാർമികതയിൽനിന്ന് വേർതിരിക്കുന്നു. സോഷ്യലിസം പലപ്പോഴും സാമ്പത്തിക ശാസ്ത്രത്തെ കൂട്ടായ നിയന്ത്രണത്തിന് കീഴ്പ്പെടുത്തുന്നു.

**വർഗസമരവും ധാർമിക പരിഷ്കരണവും**

മാർക്സിസ്റ്റ് സോഷ്യലിസം ചരിത്രത്തെ മർദകരും അടിച്ചമർത്തപ്പെട്ടവരുമായ വർഗങ്ങൾ തമ്മിലുള്ള പോരാട്ടമായി വ്യാഖ്യാനിക്കുന്നു. പ്രവാചക ദൗത്യം വർഗസമരത്തിൽ അധിഷ്ഠിതമായിരുന്നില്ല. മുൻ അടിമയായ ബിലാലി(റ)നെയും സമ്പന്നവ്യാപാരിയായ ഉസ്മാനെ(റ)യും ഒരു വിശ്വാസ പ്രഖ്യാപനത്തിന്റെ കീഴിൽ ഒന്നിപ്പിച്ചു. അടിസ്ഥാനം വിശ്വാസമായിരുന്നു, സാമ്പത്തിക സ്വത്വമല്ല.

ക്വുർആൻ എല്ലാ അതിരുകളിലും നീതി കൽപിക്കുന്നു: 'വിശ്വസിക്കുന്നവരേ, നീതിക്കുവേണ്ടി ഉറച്ചു നിൽക്കുക, അത് നിങ്ങൾക്കോ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കും എതിരാണെങ്കിൽ പോലും' (4:135). അനീതിയെ ഒരു ഘടനാപരമായ സാമ്പത്തിക പ്രശ്നമായിട്ടല്ല, മറിച്ച് ഒരു ധാർമിക പരാജയമായി ഇസ്‌ലാം അപലപിക്കുന്നു.



**മാർക്സിസ്റ്റ് സോഷ്യലിസം ചരിത്രത്തെ മർദകരും അടിച്ചമർത്തപ്പെട്ടവരുമായ വർഗങ്ങൾ തമ്മിലുള്ള പോരാട്ടമായി വ്യാഖ്യാനിക്കുന്നു. പ്രവാചക ദൗത്യം വർഗസമരത്തിൽ അധിഷ്ഠിതമായിരുന്നില്ല. മുൻ അടിമയായ ബിലാലി(റ)നെയും സമ്പന്നവ്യാപാരിയായ ഉസ്മാനെ(റ)യും ഒരു വിശ്വാസ പ്രഖ്യാപനത്തിന്റെ കീഴിൽ ഒന്നിപ്പിച്ചു. അടിസ്ഥാനം വിശ്വാസമായിരുന്നു, സാമ്പത്തിക സ്വത്വമല്ല.**

ഹൃദയങ്ങളെ പരിഷ്കരിക്കുന്നതിലൂടെയും പെരുമാറ്റത്തെ നിയന്ത്രിക്കുന്നതിലൂടെയും ദൈവിക പരിധികൾ നടപ്പിലാക്കുന്നതിലൂടെയും ഇസ്‌ലാം സമൂഹത്തെ പരിവർത്തനം ചെയ്യുന്നു. സോഷ്യലിസം പ്രധാനമായും സാമ്പത്തിക പുനർനിർമാണത്തിലൂടെ പരിവർത്തനം തേടുന്നു. ആത്മീയ പരിഷ്കരണമില്ലാതെ, ഘടനാപരമായ മാറ്റത്തിന് മാത്രം അത്യാഗ്രഹമോ അടിച്ചമർത്തലോ ഇല്ലാതാക്കാൻ കഴിയില്ല.

**പലിശ നിരോധം**

ഇസ്‌ലാമിന്റെ പലിശ നിരോധം മുതലാളിത്തത്തിൽ നിന്നും സോഷ്യലിസത്തിൽ നിന്നും അതിനെ വേർതിരിക്കുന്നു. 'അല്ലാഹു വ്യാപാരം അനുവദിച്ചിരിക്കുന്നു, പലിശ നിരോധിക്കുകയും ചെയ്തിരിക്കുന്നു' (ക്വുർആൻ 2:275).

പലിശയിൽ ഉറച്ചുനിൽക്കുന്നവർക്കെതിരെ അല്ലാഹുവിൽനിന്നും അവന്റെ ദൂതനിൽനിന്നുമുള്ള യുദ്ധത്തെക്കുറിച്ച് ക്വുർആൻ മുന്നറിയിപ്പ് നൽകുന്നു:

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, പലിശ വകയിൽ ബാക്കി കിട്ടാനുള്ളത് വിട്ടുകളയുകയും ചെയ്യേണ്ടതാണ്; നിങ്ങൾ (യഥാർഥ) വിശ്വാസികളാണെങ്കിൽ. നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിന്റെയും റസൂലിന്റെയും പക്ഷത്തുനിന്ന് (നിങ്ങൾക്കെതിരിലുള്ള) സമര പ്രഖ്യാപനത്തെപ്പറ്റി അറിഞ്ഞുകൊള്ളുക. നിങ്ങൾ പശ്ചാത്തപിച്ചു മടങ്ങുകയാണെങ്കിൽ നിങ്ങളുടെ മൂലധനം നിങ്ങൾക്കുതന്നെ കിട്ടുന്നതാണ്. നിങ്ങൾ അക്രമം ചെയ്യരുത്. നിങ്ങൾ

അക്രമിക്കപ്പെടുകയും അരുത്" (2:278, 279).

മുതലാളിത്തം പലിശയെ അടിസ്ഥാനമാക്കിയുള്ള ധനകാര്യത്തെ സ്ഥാപനവൽകരിക്കുന്നു. സോഷ്യലിസം മുതലാളിത്ത ചൂഷണത്തെ വിമർശിച്ചേക്കാം; പക്ഷേ, ഭൗതികവാദ ചട്ടക്കൂടുകളെ അടിസ്ഥാനമാക്കിയതുകൊണ്ട് അതിനെ കർശനമായി നിരോധിക്കാൻ സാധിക്കുന്നില്ല. ഇസ്‌ലാം വ്യത്യസ്തമായ ഒരു പ്രായോഗിക പാത കാണിച്ചുതരുന്നു, വ്യാപാരവും ലാഭവും അനുവദിക്കുന്നു, അതേസമയം പലിശയിലൂടെയുള്ള ചൂഷണ നേട്ടത്തെ നിരോധിക്കുന്നു.

**ആത്മീയ ഉത്തരവാദിത്തം**

പ്രവാചകൻ(സ്വ) പഠിപ്പിച്ചത് ഒരു വ്യക്തിയുടെ സമ്പത്ത്, അയാൾ അത് എങ്ങനെ സമ്പാദിച്ചു, എങ്ങനെ ചെലവഴിച്ചു എന്നതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുമെന്നാണ്. സമ്പത്ത് ഒരു അമാനത്താണ് അഥവാ വിശ്വസിച്ചേൽപിക്കപ്പെട്ടതാണ്. അത് സ്രഷ്ടാവ് നൽകുന്നതാണ്. അതൊരു പരീക്ഷണം കൂടിയാണ്. അതിനാൽ ഓരോ ഇടപാടിനും ധാർമിക ഭാരമുണ്ട്. തോന്നിയതുപോലെ വിനിമയം ചെയ്യാൻ പാടില്ല.

സോഷ്യലിസം മനുഷ്യനെ പ്രാഥമികമായി ഭൗതിക ചരിത്രത്തിലെ ഒരു സാമ്പത്തിക നടനായാണ് കാണുന്നത്. ഇസ്‌ലാം മനുഷ്യനെ അല്ലാഹുവിന്റെ ദാസനായും സമ്പാദിച്ചതും ചെലവഴിച്ചതും ഏതു മാർഗത്തിലാണ് എന്ന് പരലോകത്തുവെച്ച് ബോധ്യപ്പെടുത്തേണ്ട ഉത്തരവാദിത്തമുള്ളവനാണ് എന്നും ഓർമപ്പെടുത്തുന്നു.

**പ്രവാചകൻ(സ്വ) ഒരു സോഷ്യലിസ്റ്റോ മുതലാളിയോ ലിബറലോ ആയിരുന്നില്ല. അദ്ദേഹം അല്ലാഹുവിന്റെ ദൂതനായിരുന്നു. അദ്ദേഹത്തിന്റെ മാർഗനിർദേശം ആധുനിക പ്രത്യയശാസ്ത്രങ്ങൾക്ക് മുകളിലാണ്. അത് വ്യാവസായിക മുതലാളിത്തത്തോടുള്ള പ്രതികരണമോ യൂറോപ്യൻ രാഷ്ട്രീയ സിദ്ധാന്തത്തിന്റെ പ്രകടനമോ അല്ല. അത് അല്ലാഹുവിന്റെ ദിവ്യസന്ദേശം അടിസ്ഥാനമാക്കിയുള്ളതാണ്.**

**ഏതാണ് മികച്ചത്?**

സ്വകാര്യ സ്വത്ത് നിഷ്കാസനം ചെയ്യാതെ, ധാർമികമായ അതിർവരമ്പുകൾ വെച്ച് ഇസ്‌ലാം ഉടമസ്ഥാവകാശം നിലനിർത്തുന്നു. വർഗ വൈരാഗ്യം വളർത്താതെ കാരുണ്യത്തെ പ്രോത്സാഹിപ്പിക്കുന്നു. വ്യക്തിഗത അവകാശങ്ങളെ സമൂഹത്തിന്റെ കടമകളുമായി സന്തുലിതമാക്കുന്നു. സാമ്പത്തിക ശാസ്ത്രത്തെ ധാർമികതയുമായും ധാർമികതയെ ഖുർആനും സുന്നത്തുമായും ബന്ധിപ്പിക്കുന്നു.

ഘടനാപരമായ രൂപകൽപനയിലൂടെ സോഷ്യലിസം സമത്വം സൃഷ്ടിക്കാൻ ശ്രമിക്കുന്നു. ആത്മീയ ബോധം, നിയമപരമായ അതിരുകൾ, ധാർമിക ഉത്തരവാദിത്തം എന്നിവയിലൂടെ ഇസ്‌ലാം നീതി വളർത്തുന്നു.

പ്രവാചകൻ(സ്വ) ഒരു സോഷ്യലിസ്റ്റോ മുതലാളിയോ ലിബറലോ ആയിരുന്നില്ല. അദ്ദേഹം അല്ലാഹുവിന്റെ ദൂതനായിരുന്നു. അദ്ദേഹത്തിന്റെ മാർഗനിർദേശം ആധുനിക പ്രത്യയശാസ്ത്രങ്ങൾക്ക് മുകളിലാണ്. അത് വ്യാവസായിക മുതലാളിത്തത്തോടുള്ള പ്രതികരണമോ യൂറോപ്യൻ രാഷ്ട്രീയ സിദ്ധാന്തത്തിന്റെ പ്രകടനമോ അല്ല. അത് അല്ലാഹുവിന്റെ ദിവ്യസന്ദേശം അടിസ്ഥാനമാക്കിയുള്ളതാണ്.

സമകാലിക രാഷ്ട്രീയ ലേബലുകളിൽ നബി(സ്വ)യെ പരിമിതപ്പെടുത്തുന്നത് അദ്ദേഹത്തിന്റെ ദൗത്യത്തിന്റെ സാർവത്രികതയും ആഴവും കുറയ്ക്കുന്നു. ഇസ്‌ലാം സോഷ്യലിസത്തിൽനിന്ന് കടമെടുക്കുന്നില്ല. അത് അതിനെ മറികടക്കുന്നു. ഇസ്‌ലാം സോഷ്യലിസത്തിന്റെ അതിരുകടന്ന വാദങ്ങൾ തിരുത്തുന്നു, അതിന്റെ ഭൗതികവാദം ഒഴിവാക്കുന്നു. തൗഹീദ്, നീതി, അല്ലാഹുവിന്റെ മുമ്പാകെയുള്ള ഉത്തരവാദിത്തം എന്നിവയിൽ വേരൂന്നിയ ഒരു സമഗ്രമായ ധാർമികക്രമം വാഗ്ദാനം ചെയ്യുന്നു.

പ്രവാചകനെ ഏതെങ്കിലുമൊരു ഇസത്തിൽ ചുരു



ക്കാൻ കഴിയില്ല. എല്ലാ മനുഷ്യ പ്രത്യയശാസ്ത്രങ്ങളെക്കാളും വ്യത്യസ്തവും സന്തുലിതവും ശ്രേഷ്ഠവുമായ, പൂർണമായും ദൈവിക മാർഗനിർദേശപ്രകാരമുള്ള ഒരു ആദർശമാണ് നബി(സ്വ) പഠിപ്പിച്ചത്.

**സോഷ്യലിസം ചരിത്രപരമായി പരാജയപ്പെട്ടത് എന്തുകൊണ്ട്?**

കേന്ദ്രീകൃത മാർക്സിസ്റ്റ് രൂപത്തിൽ സോഷ്യലിസം 20ാം നൂറ്റാണ്ടിൽ പരാജയപ്പെടുന്നത് നാം കണ്ടതാണ്. ജോസഫ് സ്റ്റാലിന്റെ കീഴിലുള്ള സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയൻ (USSR) കാർഷികമേഖലയുടെ ശേഖരണവും കേന്ദ്രീകൃത സാമ്പത്തിക ആസൂത്രണവും നടപ്പിലാക്കി. ഇത് സാമ്പത്തിക കാര്യക്ഷമതയില്ലായ്മ, നിരവധി പ്രദേശങ്ങളിൽ വ്യാപകമായ ക്ഷാമം എന്നിവയ്ക്ക് കാരണമായി. രാഷ്ട്രീയ അടിച്ചമർത്തലും വ്യക്തിസ്വാതന്ത്ര്യത്തിന്റെ അഭാവവും വ്യവസ്ഥയെ നിർവചിക്കുന്ന സവിശേഷതകളായി മാറി.

പതിറ്റാണ്ടുകളായി സാമ്പത്തിക സ്തംഭനത്തിനും ഘടനാപരമായ കാര്യക്ഷമതയില്ലായ്മയ്ക്കും ശേഷം 1991ൽ സോവിയറ്റ് യൂണിയൻ തകർന്നു.

ചൈനയിൽ, മാവോ സെദോങ്ങിന്റെ കീഴിൽ, ഗ്രേറ്റ് ലീപ് ഫോർവേഡ് സമൂലമായ ശേഖരണത്തിന് ശ്രമിച്ചു. അതിന്റെ ഫലം മനുഷ്യചരിത്രത്തിലെ ഏറ്റവും മാരകമായ ക്ഷാമങ്ങളിലൊന്നായിരുന്നു. സാംസ്കാരിക വിപ്ലവം പ്രത്യയശാസ്ത്ര തീവ്രവാദത്തിലൂടെ സമൂഹത്തെ കൂടുതൽ അസ്ഥിരപ്പെടുത്തി.

സമീപകാലത്ത്, വെനിസ്വേല വ്യവസായങ്ങളിലും വില സംവിധാനങ്ങളിലും കനത്ത സംസ്ഥാന നിയന്ത്രണം നടപ്പാക്കി. വിശാലമായ എണ്ണശേഖരം ഉണ്ടായിരുന്നിട്ടും രാജ്യം അമിത പണപ്പെരുപ്പം, അടിസ്ഥാന വസ്തുക്കളുടെ ക്ഷാമം, സാമ്പത്തിക തകർച്ച എന്നിവ നേരിട്ടു.

ഈ പരാജയങ്ങൾ യാദൃച്ഛികമായിരുന്നില്ല. കേന്ദ്രീകൃത സോഷ്യലിസ്റ്റ് സംവിധാനങ്ങളിലെ ഘടനാപരമായ പ്രശ്നങ്ങളിൽനിന്നാണ് അവ ഉടലെടുത്തത്:

*1. സ്വകാര്യ സ്വത്തിന്റെ അടിച്ചമർത്തൽ:*

ഉടമസ്ഥാവകാശവും ലാഭലക്ഷ്യങ്ങളും നിർത്തലാക്കുകയോ ശക്തമായി നിയന്ത്രിക്കുകയോ ചെയ്യുമ്പോൾ, ഉൽപാദനക്ഷമത കുറയുന്നു.

*2. വിഭവ പ്രശ്നം:*

സങ്കീർണമായ സമ്പദ്‌വ്യവസ്ഥകളിൽ കേന്ദ്ര ആസൂത്രകർക്ക് വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിക്കാൻ കഴിയില്ല.

*3. അധികാര കേന്ദ്രീകരണം:*

സാമ്പത്തിക കേന്ദ്രീകരണം പലപ്പോഴും രാഷ്ട്രീയ സ്വേച്ഛാധിപത്യത്തിലേക്ക് നയിക്കുന്നു.

*4. ഭൗതികവാദം:*

മനുഷ്യരെ പ്രധാനമായും ധാർമിക ഏജന്റുമാരായി കണക്കാക്കുന്നതിനു പകരം സാമ്പത്തിക യൂണിറ്റുകളായി കണക്കാക്കുന്നു.

ഇതിനർഥം മുതലാളിത്തം കുറ്റമറ്റതാണെന്നല്ല. മുതലാളിത്ത സംവിധാനങ്ങൾ പലപ്പോഴും അസമത്വം, താൽപര്യാധിഷ്ഠിത ചൂഷണം, ധാർമിക തകർച്ച എന്നിവ സൃഷ്ടിക്കുന്നു. എന്നാൽ ആത്മീയ പരിഷ്കരണമില്ലാതെ ഘടനാപരമായ എഞ്ചിനീയറിംഗിന് നീതി സൃഷ്ടിക്കാൻ കഴിയില്ലെന്ന് സോഷ്യലിസത്തിന്റെ ചരിത്രരേഖ തെളിയിക്കുന്നു. ■

റമദാൻ ശരീരത്തെ ക്ഷീണിപ്പിക്കാനുള്ളതല്ല; അമിതമായി പോഷിപ്പിക്കാനുമുള്ളതല്ല. മറിച്ച്, അതിനെ സംരക്ഷിച്ചുകൊണ്ട് ആത്മീയ ഉയർച്ച കൈവരിക്കാനുള്ളതാണ്. അതിനാൽ അത്താഴവും സഹൂറിലും ഇഫ്താർ ഭക്ഷണവും എന്തായിരിക്കണം, എന്ത് ഒഴിവാക്കണം എന്ന കാര്യത്തിൽ ശ്രദ്ധിക്കൽ വിശ്വാസിയുടെ ഉത്തരവാദിത്തമാണ്.



# നോമ്പുകാരറിയാൻ

ഡോ. ജസ്റത്ത്

ഒരു റമദാൻ കൂടി ആഗതമായിരിക്കുന്നു. റമദാൻ നോമ്പനുഷ്ഠാനത്തിലൂടെ വിശ്വാസിയുടെ ആത്മീയ ഉയർച്ചയോടൊപ്പം ആരോഗ്യം കൂടി സംരക്ഷിക്കേണ്ടതുണ്ട്. എന്നാൽ നോമ്പിന്റെ യഥാർഥ ലക്ഷ്യം, ഇഫ്ത്വാറോടെ വയർ നിറയ്ക്കുന്നതിലോ വിഭവങ്ങളുടെ വൈവിധ്യത്തിലോ ഒതുങ്ങിപ്പോകുന്നുവെങ്കിൽ, ആ ആരാധനയുടെ ആത്മാവ് നഷ്ടമാകുന്നതോടൊപ്പം ജീവിത ശൈലി രോഗങ്ങൾ വർധിക്കാനും കാരണമായിത്തീരും. ഖുർആനും ഹദീസുകളും വ്യക്തമാക്കുന്നത്, നോമ്പ് മനുഷ്യനെ മിതത്വത്തിലേക്കും ആത്മനിയന്ത്രണത്തിലേക്കും നയിക്കണമെന്നതാണ്. 'തിന്നുക, കുടിക്കുക; എന്നാൽ അതിരുകടക്കരുത്' (ഖുർആൻ 7:31) എന്ന കൽപന, റമദാനിൽ ഏറ്റവുമധികം മറക്കപ്പെടുന്ന ദൈവവചനങ്ങളിലൊന്നാണ്. ഇഫ്ത്വാറുകൾ മത്സരങ്ങളായി മാറുകയും അത്താഴം ആരോഗ്യത്തെ തളർത്തുന്ന രീതിയിലാകുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ നോമ്പുകാലത്തെ ആരോഗ്യകരമായ ഭക്ഷണരീതി

കൾ നമുക്കൊന്ന് പരിശോധിക്കാം.

**അത്താഴം**

നബി(സ്വ) പറഞ്ഞു: "നിങ്ങൾ അത്താഴം കഴിക്കുക; അത്താഴത്തിൽ ബറകത്ത് ഉണ്ട്."

അതായത് അത്താഴം വെറും ശീലമല്ല, ഒരു സുന്നത്തും അനുഗ്രഹവുമാണ്. ശരിയായ അത്താഴം നോമ്പിനെ എളുപ്പമാക്കുകയും ശരീരശക്തി നിലനിർത്തുകയും ചെയ്യും. നോമ്പിന് ശരീരത്തെ സജ്ജമാക്കുന്ന തരത്തിലുള്ള പോഷകസമൃദ്ധമായ ആഹാരമാണ് കഴിക്കേണ്ടത്. അത്താഴം ഉപേക്ഷിക്കുന്നത് തീർത്തും അനാരോഗ്യകരവും ശരീരത്തെ പീഡിപ്പിക്കലുമാണ്.

ഫജ്ർ ബാങ്കിന്റെ ഏകദേശം അര-മുക്കാൽ മണിക്കൂർ മുമ്പ് അത്താഴം കഴിക്കലാണ് അനുയോജ്യം. അതാണ് സുന്നത്ത്. ആ സമയത്താകുമ്പോൾ ഉറക്കം ബുദ്ധിമുട്ടാകുന്നില്ല. ഭക്ഷണത്തിനും നോമ്പിനുമിടയിൽ നീണ്ട ഇടവേളയായാൽ ശരീരത്തിന് പകലിലേക്കുള്ള ഊർജം നഷ്ടപ്പെടും.

*അത്താഴത്തിനു നിദേശിക്കാവുന്ന ഭക്ഷണങ്ങൾ:*

ധാന്യങ്ങൾ: ചോറ്, ഗോതമ്പ്, ഓട്സ്-ഇവ ദീർഘനേരം ഊർജം നൽകും.

പയറുവർഗങ്ങൾ: കടല, പയർ, പരിപ്പ് -പ്രോട്ടീനും നാരുകളും സമൃദ്ധം.

മുട്ട: ശക്തിയുള്ള പ്രോട്ടീൻ ഉറവിടം.

പാൽ/തൈര്/മോര്: ദഹനം എളുപ്പമാക്കും, ദാഹം കുറക്കും.

പഴങ്ങൾ: ഈത്തപ്പഴം, വാഴപ്പഴം, ആപ്പിൾ, പപ്പായ-സ്വാഭാവിക ഊർജം നൽകുന്നു.

പച്ചക്കറികൾ: വെള്ളരി, കാരറ്റ് പോലുള്ള ജലാംശമുള്ളവ.

മതിയായ വെള്ളം: ദിവസത്തെ ജലക്ഷയം കുറയ്ക്കാൻ അനിവാര്യം.

*അത്താഴത്തിനു നിരുത്സാഹപ്പെടുത്തേണ്ടവ:*

എണ്ണയിൽ വറുത്ത ഭക്ഷണം: ദാഹവും അലസതയും വർധിപ്പിക്കും.

ഫാസ്റ്റ് ഫുഡ് / ജങ്ക് ഫുഡ്: പോഷകമൂല്യമില്ല, വയറിന് ബുദ്ധിമുട്ടുണ്ടാക്കും.

അമിതമായി കാരം അടങ്ങിയവ, ഉപ്പ്: ദാഹം അധികമാക്കും.

കൃത്രിമ മധുരപാനീയങ്ങൾ: പഞ്ചസാര കൂടിയതുകൊണ്ട് ഊർജം പെട്ടെന്ന് കുറഞ്ഞുപോകും.

അമിത കഫീൻ (കാപ്പി, ചായ): ജലക്ഷയം ഉണ്ടാക്കും.

**ഇഫ്ത്വാർ**

നോമ്പുതുറക്കുന്ന സമയം വിശ്വാസിക്ക് അനുഗൃഹീതമായ, സന്തോഷദായകമായതാണ്. നബി (സ്വ)യുടെ ജീവിതം പഠിപ്പിക്കുന്നത്, ഇഫ്ത്വാർ ആഘോഷത്തിന്റെ അതിരുകളില്ലാത്ത മേശയല്ല, മറിച്ച് നന്ദിയും ലാളിത്യവും നിറഞ്ഞ ഒരു ആരാധനാമുഹൂർത്തമായിരിക്കണമെന്നതാണ്. പകൽസമയത്തെ വിശപ്പിനും ദാഹത്തിനും ശേഷം, വയറിനെ അപ്രതീക്ഷിതമായി അമിതഭക്ഷണത്തിലേക്ക് തള്ളിവിടാതെ ക്രമീകരിക്കണം. 'മനുഷ്യൻ നിറയ്ക്കുന്ന പാത്രങ്ങളിൽ ഏറ്റവും മോശമായ പാത്രം വയറാണ്' (തിർമിദി) എന്ന നബിവചനം ഓർക്കുക. എന്ന പോലെയാണ് ഇന്നത്തെ ഇഫ്താർ ട്രെൻഡ്.

*ഇഫ്ത്വാറിന് നിർദേശിക്കാവുന്നവ:*

*നോമ്പ് തുറക്കുമ്പോൾ;*

ഈന്തപ്പഴം (1-3 എണ്ണം): സുന്നത്താണ്. ഉടൻ ഊർജം നൽകും.

ശുദ്ധജലം: ശരീരത്തിലെ ജലക്ഷയം നികത്താൻ ഏറ്റവും നല്ലത്.

ലഘു സൂപ്പ്/കഞ്ഞി: വയറിന് സുഖം, ദഹനം എളുപ്പം.

പഴങ്ങൾ: ഓറഞ്ച്, ആപ്പിൾ, തണ്ണിമത്തൻ-സ്വാഭാവിക പഞ്ചസാര.

വീട്ടിൽ തയ്യാറാക്കിയ ലഘു പലഹാരങ്ങൾ: എണ്ണയും മസാലയും കുറച്ച്.

മഗ്‌രിബ് നമസ്കാരത്തിന് ശേഷം ലഘു ഭക്ഷണം: ചോറ്/റോട്ടി + പച്ചക്കറി + പയർ/മുട്ട/മീൻ.

*നിരുത്സാഹപ്പെടുത്തേണ്ടവ:*

അമിതഭക്ഷണം: അലസതയും ദഹനപ്രശ്നങ്ങളുമുണ്ടാക്കും.

അമിതമായി എണ്ണയിൽ വറുത്ത പലഹാരങ്ങൾ: നെഞ്ചെരിച്ചിലും വയറുവേദനയും.

ഫാസ്റ്റ് ഫുഡ്: പോഷകമൂല്യം കുറവ്, ആരോഗ്യം തകർക്കും.

കൃത്രിമ മധുരപാനീയങ്ങൾ: ദാഹം വീണ്ടും വർധിപ്പിക്കും.

ട്രെൻഡി ഭക്ഷണങ്ങൾ (വിശിഷ്യാ ട്രെൻഡി midnight മീൽസ്) അനാരോഗ്യകരം തന്നെയെന്നതിൽ തർക്കമില്ല.

റമദാൻ ശരീരത്തെ ക്ഷീണിപ്പിക്കാനുള്ളതല്ല; അമിതമായി പോഷിപ്പിക്കാനുമുള്ളതല്ല. മറിച്ച്, അതിനെ സംരക്ഷിച്ചുകൊണ്ട് ആത്മീയ ഉയർച്ച കൈവരിക്കാനുള്ളതാണ്. അതിനാൽ അത്താഴവും ഇഫ്താർ ഭക്ഷണവും എന്തായിരിക്കണം, എന്ത് ഒഴിവാക്കണം എന്ന കാര്യത്തിൽ ശ്രദ്ധിക്കൽ വിശ്വാസിയുടെ ഉത്തരവാദിത്തമാണ്.



# റമദാൻ:

## വിജയത്തിലേക്കുള്ള കവാടം

റോഷൻ പുനലൂർ
: 85906 13225

ആദമിന്റെ മക്കളേ, നിങ്ങൾ എന്നെ വിളിക്കുകയും
എന്നിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്നിടത്തോളം കാലം
നിങ്ങൾ ചെയ്തുപോയവ ഞാൻ നിങ്ങൾക്ക് പൊറുത്തു തരും;
നിങ്ങളുടെ തെറ്റുകൾ ആകാശത്തോളം എത്തിയാലും

അവസരങ്ങളും സാധ്യതകളും നിറഞ്ഞതാണ് റമദാൻ എന്നത് ഒരു വിശ്വാസിക്കും പുതിയ അറിവല്ല. എന്നാൽ നാം അവ ഉപയോഗപ്പെടുത്തുന്നുണ്ടോ? ഒരു അടിമക്ക് ഈ ദുൻയാവിൽ വെച്ച് നേടാവുന്ന ഏറ്റവും വലിയ വിജയമാണ് റമദാനിനെ ഉപയോഗപ്പെടുത്താനാവുക എന്നത്. കാരണം, റമദാൻ നമ്മുടെ പിരടികളെ നരകത്തിൽനിന്നും മുക്തമാക്കാൻ നമ്മെ സജ്ജരാക്കുന്നു. അല്ലാഹു പറയുന്നു: “ആർ നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തുവോ അവനാണ് വിജയം നേടിയത്” (ആലു ഇംറാൻ:185).

റമദാനിനെ ഉപയോഗപ്പെടുത്തി വിജയത്തിലേക്ക് എത്തുവാനുള്ള ചില ചവിട്ടുപടികളെ നമുക്ക് പരിചയപ്പെടാം. വിശ്വാസം മുറുകെപ്പിടിച്ച് ആത്മാർഥതയോടെ അതിലൂടെ സഞ്ചരിക്കുന്നവർക്ക് റമദാനിൽ വിജയികളായി മുന്നേറാം.

**ആത്മാർഥമായ പശ്ചാത്താപം**

അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നവരെ റബ്ബ് ഇഷ്ടപ്പെടുകയും അവരുടെ മടക്കത്തിൽ സന്തോഷിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു: "ആരെങ്കിലും വല്ല തിന്മയും ചെയ്യുകയോ, സ്വന്തത്തോട് തന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്തിട്ട് അല്ലാഹുവോട് പാപമോചനം തേടുന്ന പക്ഷം ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായി അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്" (അന്നിസാഅ്: 110). ഖുദ്സിയ്യായ ഒരു ഹദീസിൽ അല്ലാഹു പറയുന്നുണ്ട്: "ആദമിന്റെ മക്കളേ, നിങ്ങൾ എന്നെ വിളിക്കുകയും എന്നിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്നിടത്തോളം കാലം നിങ്ങൾ ചെയ്തുപോയവ ഞാൻ നിങ്ങൾക്ക് പൊറുത്തു തരും; നിങ്ങളുടെ തെറ്റുകൾ ആകാശത്തോളം എത്തിയാലും."



റമദാനിൽ പ്രവേശിക്കുകയും തന്റെ തെറ്റുകളെ സംബന്ധിച്ച് ഖേദമോ കുറ്റബോധമോ ഇല്ലാതെ അവയിൽ ഉറച്ചു നിൽക്കുകയും ചെയ്യുന്നവർ റമദാനിന്റെ സൗഭാഗ്യങ്ങൾ നേടാൻ ഭാഗ്യമില്ലാതെ പോകുന്നവരാണ്. അവരിൽ ഉൾപ്പെടാതിരിക്കുക. ഇനിയും വൈകിയിട്ടില്ല, അല്ലാഹുവിലേക്ക് ആത്മാർഥമായി പശ്ചാത്തപിച്ചു മടങ്ങുക.

സ്വന്തം തെറ്റുകളെ മനസ്സിലാക്കി, പോരായ്മകളെ തിരിച്ചറിഞ്ഞ്, ചെയ്തുപോയ പാപങ്ങളിൽ ഖേദിക്കുന്നവരായി, അല്ലാഹുവിനെ അനുസരിക്കുവാൻ ധൃതിപ്പെട്ടുകൊണ്ട്, അവന്റെ കോപത്തിനിരയാകുന്ന തിന്മകളിലേക്ക് മടങ്ങില്ലെന്ന് ഉറപ്പിച്ചുകൊണ്ട് അവനിലേക്ക് മടങ്ങലാണ് ആത്മാർഥമായ പശ്ചാത്താപം. ഇവ്വിധത്തിൽ പശ്ചാത്തപിച്ച് അല്ലാഹുവിലേക്ക് മടങ്ങുകയും അവൻ പൊറുത്തു തരും എന്ന ഉറച്ച ബോധ്യത്തോടെ നന്മകൾ അധികരിപ്പിച്ച് ജീവിക്കുകയും ചെയ്തവർ ശുദ്ധമായ ഹൃദയവുമായാണ് റമദാനിലേക്ക് പ്രവേശിച്ചിരിക്കുന്നത്.

എന്നാൽ, റമദാനിൽ പ്രവേശിക്കുകയും തന്റെ തെറ്റുകളെ സംബന്ധിച്ച് ഖേദമോ കുറ്റബോധമോ ഇല്ലാതെ അവയിൽ ഉറച്ചു നിൽക്കുകയും ചെയ്യുന്നവർ റമദാനിന്റെ സൗഭാഗ്യങ്ങൾ നേടാൻ ഭാഗ്യമില്ലാതെ പോകുന്നവരാണ്. അവരിൽ ഉൾപ്പെടാതിരിക്കുക. ഇനിയും വൈകിയിട്ടില്ല, അല്ലാഹുവിലേക്ക് ആത്മാർഥമായി പശ്ചാത്തപിച്ചു മടങ്ങുക.

**നിശ്ചയദാർഢ്യവും ആത്മാർഥതയും**

ഇബ്നുൽ ക്വയ്യിം(റഹി) പറഞ്ഞു: "ഉയർന്ന ലക്ഷ്യങ്ങൾ നേടുന്നത് ദൃഢനിശ്ചയവും ആത്മാർഥതയും ഉള്ളവരാണ്. ഇവ രണ്ടും ഇല്ലാത്തവർക്ക് ലക്ഷ്യപ്രാപ്തി അസാധ്യമാണ്. ദൃഢനിശ്ചയം ഒരുവനെ അവന്റെ ലക്ഷ്യത്തിൽ തളച്ചിടും. യാതൊന്നും അവനെ അശ്രദ്ധയിൽ ആക്കുകയില്ല. അതുപോലെ ലക്ഷ്യത്തിൽ എത്തണമെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്നവൻ തന്നെ ലക്ഷ്യത്തിലേക്ക് എത്തിക്കുന്ന വഴിയെ സഞ്ചരിക്കും.

ആത്മാർഥമായ ഉദ്ദേശ്യം ലക്ഷ്യപ്രാപ്തിക്കായുള്ള മാർഗം വ്യക്തമാക്കുകയും അതിലേക്ക് എത്താനുള്ള അവന്റെ നിശ്ചയദാർഢ്യം ലക്ഷ്യത്തിലേക്ക് മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാൻ അവനെ സഹായിക്കുകയും ചെയ്യുന്നു. ഇവ രണ്ടും നേടുന്നതിലൂടെ ലക്ഷ്യപ്രാപ്തി അവന്ന് ഉറപ്പായി.''

നിശ്ചയ ദാർഢ്യമില്ലാതെ വിജയം അസാധ്യമാണ്. അനസ് ബിൻ നള്റി(റ)നെപ്പോലെ നമ്മൾ ദൃഢനിശ്ചയമുള്ളവരാകണം. ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ സാധിക്കാതെ പോയതിൽ അദ്ദേഹം നിരാശനായിരുന്നു. ''വിശ്വസിക്കുകയും സ്വദേശം വെടിയുകയും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദിൽ ഏർപ്പെടുകയും ചെയ്തവരാരോ അവർ അല്ലാഹുവിന്റെ കാരുണ്യം പ്രതീക്ഷിക്കുന്നവരാകുന്നു'' (അൽബക്വറ: 218) എന്ന ആയത്ത് ഇറങ്ങിയതിൽ പിന്നെ വിശേഷിച്ചും. ആ സമയം അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ് സത്യം! അല്ലാഹു എന്നെ അങ്ങനെയൊരു സാഹചര്യത്തിന് സാക്ഷിയാക്കിയാൽ, ഞാൻ എന്ത് ചെയ്യും എന്ന് എന്റെ റബ്ബ് അറിയുക തന്നെ ചെയ്യും.''

അങ്ങനെ ഉഹുദ് യുദ്ധം വന്നു. നബി(സ്വ) കൊല്ലപ്പെട്ടു എന്ന വ്യാജവാർത്ത സ്വഹാബികളെ പോരാടുന്നതിൽ നിന്ന് പിന്തിരിപ്പിക്കുകയും പരാജയം വിശ്വാസികളിലേക്ക് ഇരച്ചു കയറുകയും ചെയ്ത സന്ദർഭത്തിൽ അനസ്(റ) അവരെ ഉദ്ബോധിപ്പിച്ചുകൊണ്ട് പറഞ്ഞു: ''അല്ലാഹുവിന്റെ തിരുദൂതർ എന്തിനുവേണ്ടിയാണോ പോരാടി രക്തസാക്ഷിത്വം വരിച്ചത്, അതിനുവേണ്ടി നിങ്ങളും

**റമദാനിനെ ഉപയോഗപ്പെടുത്തി വിജയിക്കാൻ ആഗ്രഹിക്കുന്നവർ ഇത് തങ്ങളുടെ ജീവിതത്തിലെ അവസാന റമദാനാണെന്നും ഇനിയൊരു റമദാൻ ഇല്ലെന്നും മനസ്സിനെ ബോധ്യപ്പെടുത്തുക. ഇത് പൂർണാർഥത്തിൽ നോമ്പെടുക്കാൻ നിങ്ങളെ സഹായിക്കും. നോമ്പിന്റെ പൂർണതയുടെ ഭാഗമാണ് അല്ലാഹുവിന് ഇഷ്ടമില്ലാത്ത എല്ലാത്തിൽനിന്നും ഒരു വിശ്വാസി നോമ്പെടുക്കുക എന്നത്.**

എഴുന്നേറ്റു പോരാടുവിൻ! രക്തസാക്ഷിത്വം വഹിക്കുവിൻ!'' എന്നിട്ട് അദ്ദേഹം പറഞ്ഞു: ''അല്ലാഹുവാണെ സത്യം, ഉഹുദിനടുത്ത് എനിക്ക് സ്വർഗത്തിന്റെ പരിമളം അനുഭവപ്പെടുന്നു.'' അങ്ങനെ അദ്ദേഹം തന്റെ അന്ത്യശ്വാസംവരെ ആ യുദ്ധക്കളത്തിൽ പോരാടി. യുദ്ധാനന്തരം, അദ്ദേഹത്തിന്റെ മയ്യിത്ത് സ്വഹാബികൾക്ക് തിരിച്ചറിയാൻ പോലും സാധിച്ചില്ല. 80 ഓളം വെട്ടുകൾ ആ ശരീരത്തെ തിരിച്ചറിയാനാകാത്തവിധം വികൃതമാക്കിയിരുന്നു. അവസാനം, അദ്ദേഹത്തിന്റെ സഹോദരിയാണ് വിരൽത്തുമ്പുകൾ കണ്ടുകൊണ്ട് അദ്ദേഹത്തെ തിരിച്ചറിഞ്ഞത്.

അദ്ദേഹത്തിന്റെ അപാരമായ നിശ്ചയദാർഢ്യത്തെയും സത്യസന്ധതയെയും സംബന്ധിച്ച് അല്ലാഹുവിന്റെ വചനം ഇറങ്ങി: ''സത്യവിശ്വാസികളിൽ ചിലരുണ്ട്, ഏതൊരു കാര്യത്തിൽ അല്ലാഹുവോട് അവർ കരാർ ചെയ്തുവോ അതിൽ അവർ സത്യസന്ധത പുലർത്തി. അങ്ങനെ അവരിൽ ചിലർ (രക്തസാക്ഷിത്വത്തിലൂടെ) തങ്ങളുടെ പ്രതിജ്ഞ നിറവേറ്റി. മറ്റു ചിലരാകട്ടെ അതിനായി കാത്തിരിക്കുന്നു. അവർ ആ കരാറിന് യാതൊരു വിധ മാറ്റവും വരുത്തിയിട്ടില്ല'' (അൽഅഹ്സാബ്: 23).

അനസ്(റ) യുദ്ധക്കളത്തിൽ വിജയിച്ചതുപോലെ റമദാനിൽ വിജയിക്കാൻ ആരെങ്കിലും ഉദ്ദേശിക്കുന്നുവെങ്കിൽ അദ്ദേഹത്തെപ്പോലെ ലക്ഷ്യത്തെ സംബന്ധിച്ച് ആത്മാർഥതയും നിശ്ചയദാർഢ്യവും ഉള്ളവരാകുക.

### അല്ലാഹുവിന്റെ പ്രീതി നേടലാകണം പ്രഥമ ലക്ഷ്യം


ഇബ്നുൽ ക്വയ്യിം(റഹി) പറഞ്ഞു: ''ഒരു അടിമ അല്ലാഹുവിന്റെ പ്രീതി മാത്രം ഉദ്ദേശിച്ചുകൊണ്ട് ഒരു ദിവസം കഴിച്ചുകൂട്ടിയാൽ അല്ലാഹു അവന്റെ എല്ലാ ആവശ്യങ്ങളും ഏറ്റെടുക്കും, അവനെ അലട്ടുന്ന എല്ലാം അവ

നിൽനിന്ന് നീക്കം ചെയ്യും, അല്ലാഹുവിനോടുള്ള ഇഷ്ട ത്തിനായി അവന്റെ ഹൃദയം വിശാലമാക്കും, അവന്റെ നാവ് അല്ലാഹുവിന്റെ സ്മരണയിൽ ചലിക്കും, പേശി കൾ അവനെ അനുസരിക്കുന്നതിൽ വ്യാപൃതമാകും. എന്നാൽ, ഒരുവൻ ദുൻയാവ് ലക്ഷ്യം വെച്ചുകൊണ്ട് തന്റെ ദിവസം കഴിച്ചുകൂട്ടിയാൽ ദുൻയാവിന്റെ പ്രയാ സങ്ങളും ദുരിതങ്ങളും അല്ലാഹു അവനെ വഹിപ്പിക്കു കയും അവന്റെ കാര്യം അവനുതന്നെ വിട്ടുകൊടുക്കു കയും ചെയ്യും.

അവന്റെ ഹൃദയം അല്ലാഹുവിനോടുള്ള ഇഷ്ടത്തിന് പകരം ആളുകളോടുള്ള ഇഷ്ടത്താൽ നിറയും, അവന്റെ നാവ് ചലിക്കുന്നത് അവരെപ്പറ്റിയുള്ള പരാമർശങ്ങൾ ക്കായി മാത്രമാവും, അവന്റെ പേശികൾ അവർക്ക് അടി മവൃത്തി ചെയ്യുന്നതിൽ വ്യാപൃതമാകും. അവൻ മറ്റുള്ള വർക്കായി ഓടിനടന്ന് സ്വന്തത്തെ അവശതയിലാക്കും. മറ്റുള്ളവർക്കായി അവൻ അവന്റെ മാംസപേശികളെ നുരുമ്പിപ്പിക്കും. അതിനാൽ, ആരെങ്കിലും സ്രഷ്ടാവി ന് അടിപ്പെടുന്നതിൽനിന്നും അനുസരിക്കുന്നതിൽനി ന്നും അവനെ ഇഷ്ടപ്പെടുന്നതിൽനിന്നും തിരിഞ്ഞുവോ അവർ സൃഷ്ടികൾക്ക് അടിമവേല ചെയ്യുന്നതിലും അവ രോടുള്ള ഭ്രമത്താലും സ്വയം നശിക്കും. അല്ലാഹു പറ യുന്നു: ‘പരമകാരുണികന്റെ ഉൽബോധനത്തിന് നേർ ക്ക് വല്ലവനും അന്ധത നടിക്കുന്ന പക്ഷം അവന് നാം ഒരു പിശാചിനെ ഏർപ്പെടുത്തിക്കൊടുക്കും. പിന്നെ ആ പിശാചായിരിക്കും അവന്റെ കൂട്ടുകാരൻ” (അസ്സു ഖ്‌റുഫ്: 36).

**വിശ്വാസവും പ്രതീക്ഷയും**

ആരാധനാകർമങ്ങളിൽ ഏർപ്പെടുന്നത് വിശ്വാസ ത്തോടെയും പ്രതീക്ഷയോടെയുമായിരിക്കണം. ചി ലരെങ്കിലും നോമ്പെടുക്കുന്നത് റമദാനിൽ നോമ്പെ ടുക്കാതിരിക്കുന്നത് മോശമാണെന്ന ചിന്തയാലും തറാവീഹ് നമസ്കരിക്കുന്നത് ചെറുപ്പം മുതലുള്ള ശീ



ലമായതിനാലുമാണ്. എന്നാൽ, വിശ്വാസത്തോടെയും പ്രതീക്ഷ യോടെയുമല്ലാതെ ചെയ്യുന്ന ആരാധനാകർമങ്ങൾ നമുക്ക് ഉപകരിക്കുകയില്ല.

തിരുദൂതർ(സ്വ) പറഞ്ഞതാ യി അബൂഹുറയ്റ(റ) നിവേദ നം ചെയ്യുന്നു: “വിശ്വാസത്തോ ടെയും പ്രതീക്ഷയോടെയും ആരെങ്കിലും റമദാനിൽ നോ മ്പനുഷ്ഠിച്ചാൽ അവന്റെ മുൻക ഴിഞ്ഞ പാപങ്ങളെല്ലാം പൊറു ക്കപ്പെടും. വിശ്വാസത്തോടെയും പ്രതീക്ഷയോടെയും ആരെങ്കി ലും റമദാനിൽ നിന്നു നമസ്ക രിച്ചാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളെല്ലാം പൊറുക്കപ്പെ ടും” (ബുഖാരി).

തിരുദൂതർ(സ്വ) പറഞ്ഞു: “വിശ്വാസത്തോടെയും പ്രതീക്ഷ യോടെയും ആരെങ്കിലും ലൈല ത്തുൽ ഖദ്റിൽ നിന്നു നമസ്ക രിച്ചാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളെല്ലാം പൊറുക്കപ്പെ ടും. ആരെങ്കിലും വിശ്വാസത്തോ ടെയും പ്രതീക്ഷയോടെയും റമ ദാനിൽ നോമ്പ് അനുഷ്ഠിച്ചാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങ ളെല്ലാം പൊറുക്കപ്പെടും.”

‘വിശ്വാസത്തോടെയും പ്രതീ ക്ഷയോടെയും’ എന്നത് ശ്രദ്ധേ യമാണ്. ഇസ്‌ലാം പഠിപ്പിക്കു ന്ന എല്ലാ വിശ്വാസ കാര്യങ്ങളും അതിൽ പെടും. അല്ലാഹു വാഗ്ദാ നം ചെയ്ത പ്രതിഫലം ആഗ്രഹിച്ചു കൊണ്ടായിരിക്കണം ആരാധ നകൾ ചെയ്യുന്നത്. നോമ്പനു ഷ്ഠിക്കുന്നതും രാത്രിയിൽ ദീർ ഘമായി നമസ്കരിക്കുന്നതും ജനങ്ങളെ കാണിക്കുവാനോ അല്ലെങ്കിൽ അവരിൽനിന്ന് വേ റിട്ടുനിൽക്കാൻ മടിയായതിനാ ലോ ആയിരിക്കരുത്. അവയെ ഭാരമായി കണ്ടുകൊണ്ട് ചെയ്യു

കയുമരുത്. അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് മാത്രമായിരിക്കണം.

**വിടവാങ്ങുന്നവന്റെ നോമ്പ്**

ഇബ്നുമാജ റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ അബൂ അയ്യൂബ്(റ) നിവേദനം ചെയ്യുന്നു: "ഒരാൾ നബി(സ്വ)യുടെ അടുക്കൽ വന്നു പറഞ്ഞു: 'അല്ലയോ തിരുദൂതരേ, എന്നെ ചുരുങ്ങിയ വാക്കുകളിൽ ഉദ്ബോധിപ്പിച്ചാലും.' നബി(സ്വ) പറഞ്ഞു: 'നീ നമസ്കരിക്കാനായി നിന്നാൽ വിടവാങ്ങുന്നവന്റെ നമസ്കാരം നമസ്കരിക്കുക.' ഇഹലോകത്തെ തന്റെ അവസാന നമസ്കാരമാണ് ഇതെന്ന് വിചാരിച്ചുകൊണ്ട് നമസ്കരിക്കുക എന്നതാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടത്. ഈയൊരു വിചാരത്തോടെ നമസ്കരിക്കുമ്പോൾ പൂർണ ഭക്തിയോടും ശ്രദ്ധയോടും അടക്കത്തോടെയും സമയമെടുത്തുകൊണ്ടും നമുക്ക് അത് നിർവഹിക്കാൻ സാധിക്കും. ചുറ്റുമുള്ള യാതൊന്നും നമ്മളെ അശ്രദ്ധയിൽ ആക്കുകയില്ല. കാരണം, ഇതിന് ശേഷം ഒരു നമസ്കാരം നമുക്കുണ്ടായിക്കൊള്ളണമെന്നില്ലല്ലോ.

ഇതുപോലെ തന്നെയാണ് റമദാനിലെ നോമ്പിന്റെയും കാര്യം. റമദാനിനെ ഉപയോഗപ്പെടുത്തി വിജയിക്കാൻ ആഗ്രഹിക്കുന്നവർ ഇത് തങ്ങളുടെ ജീവിതത്തിലെ അവസാന റമദാനാണെന്നും ഇനിയൊരു റമദാൻ ഇല്ലെന്നും മനസ്സിനെ ബോധ്യപ്പെടുത്തുക. ഇത് പൂർണാർഥത്തിൽ നോമ്പെടുക്കാൻ നിങ്ങളെ സഹായിക്കും. നോമ്പിന്റെ പൂർണതയുടെ ഭാഗമാണ് അല്ലാഹുവിന് ഇഷ്ടമില്ലാത്ത എല്ലാത്തിൽനിന്നും ഒരു വിശ്വാസി നോമ്പെക്കുക എന്നത്. നബി(സ്വ) പറഞ്ഞു: "ഭക്ഷണ പാനീയങ്ങളിൽനിന്നു(മാത്രം) വിട്ടുനിൽക്കലല്ല നോമ്പ്. നോമ്പെന്നാൽ വെറുംവാക്കുകളിൽനിന്നും അസഭ്യം പറയുന്നതിൽനിന്നും കൂടി വിട്ടുനിൽക്കലാണ്." ജാബിർ ബിൻ അബ്ദുല്ല(റ) പറഞ്ഞു: "നീ നോമ്പെടുത്താൽ നിന്റെ കണ്ണും കാതും നാവുമെല്ലാം പരദൂഷണത്തിൽനിന്നും അപവാദത്തിൽനിന്നും നോമ്പെടുക്കട്ടെ. അയൽവാസിയെ ഉപദ്രവിക്കുന്നതിൽ നിന്ന് നീ വിട്ടുനിൽക്കുകയും ചെയ്യുക. മാന്യതയും സമാധാനവും മുറുകെ പിടിക്കുക. നോമ്പുള്ള ദിവസവും നോമ്പില്ലാത്ത ദിവസവും നിനക്ക് ഒരുപോലെയാകരുത്."

ജനങ്ങളിൽ അധികപേരും വഞ്ചിതരായിരിക്കുന്നു. അവർ റമദാനിലെ പകലുകളിൽ ഭക്ഷണ പാനീയങ്ങളിനിന്നും തങ്ങളുടെ ഇണകളിൽനിന്നും വിട്ടുനിന്ന് നോമ്പനുഷ്ഠിക്കുന്നു. എന്നാൽ യഥാർഥത്തിൽ അവർ നിഷിദ്ധങ്ങളിൽ നീന്തിത്തുടിക്കുകയാണ് . അവർ അപവാദം പറയുന്നു, പരദൂഷണം പറയുന്നു, അവരുടെ നോട്ടങ്ങൾ സ്ത്രീകൾക്കുമേൽ വിഹരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ വഞ്ചിതരായവരെ പറ്റിയാണ് നബി(സ്വ) പറയുന്നത്: 'എത്രയെത്ര നോമ്പുകാരാണ്! അവർക്ക് വിശപ്പും ദാഹവുമല്ലാതെ ഒന്നും ലഭിക്കുന്നില്ല. എത്രയെത്ര നമസ്കാരക്കാരാണ്! അവർക്ക് ക്ഷീണമല്ലാതെ ഒന്നും ലഭിക്കുന്നില്ല.' മറ്റൊരു ഹദീസിൽ നബി(സ്വ) പറയുന്നു: "ആരെങ്കിലും കളവിൽനിന്ന് വിട്ടുനിൽക്കാത്തപക്ഷം, അവർ ഭക്ഷണപാനീയങ്ങളിൽനിന്ന് വിട്ടുനിൽക്കണമെന്ന് അല്ലാഹുവിന് ഒരാവശ്യവുമില്ല."

ഇത് പലർക്കും അറിയില്ല. അറിയുന്ന പലരും അത് കാര്യമാക്കുന്നില്ല. അതുകൊണ്ടു തന്നെ, അവർ ഓരോ റമദാനിലും നോമ്പെടുക്കുന്നു; പക്ഷേ, അത് അവരുടെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തുന്നില്ല. ■

**നബി(സ്വ) പറയുന്നു: "എത്രയെത്ര നോമ്പുകാരാണ്! അവർക്ക് വിശപ്പും ദാഹവുമല്ലാതെ ഒന്നും ലഭിക്കുന്നില്ല. എത്രയെത്ര നമസ്കാരക്കാരാണ്! അവർക്ക് ക്ഷീണമല്ലാതെ ഒന്നും ലഭിക്കുന്നില്ല." "ആരെങ്കിലും കളവിൽനിന്ന് വിട്ടുനിൽക്കാത്തപക്ഷം, അവർ ഭക്ഷണപാനീയങ്ങളിൽനിന്ന് വിട്ടുനിൽക്കണമെന്ന് അല്ലാഹുവിന് ഒരാവശ്യവുമില്ല." ഇത് പലർക്കും അറിയില്ല. അറിയുന്ന പലരും അത് കാര്യമാക്കുന്നില്ല. അതുകൊണ്ടു തന്നെ, അവർ ഓരോ റമദാനിലും നോമ്പെടുക്കുന്നു; പക്ഷേ, അത് അവരുടെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തുന്നില്ല.**

# സൂറതുന്നംല്

## ഉറുമ്പ്

(മക്കയിൽ അവതരിച്ചത്)

അധ്യായം
27

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

أَلَّا يَسْجُدُوا لِلَّهِ الَّذِي يُخْرِجُ الْخَبْءَ فِي السَّمَاوَاتِ وَالْأَرْضِ وَيَعْلَمُ مَا تُخْفُونَ وَمَا تُعْلِنُونَ ﴿٢٥﴾

25 ആകാശങ്ങളിലും ഭൂമിയിലും ഒളിഞ്ഞുകിടക്കുന്നത് പുറത്ത് കൊണ്ടുവരികയും നിങ്ങൾ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അറിയുകയും ചെയ്യുന്നവനായ അല്ലാഹുവിന് അവർ പ്രണാമം ചെയ്യാതിരിക്കുവാൻ വേണ്ടി (പിശാച് അങ്ങനെ ചെയ്യുന്നു).

*25) തുടർന്ന് പറയുന്നു: (അല്ലാഹുവിന് അവർ സുജൂദ് ചെയ്യാതിരിക്കുവാൻ) അതായത്, അല്ലാഹുവിന് മാത്രം സുജൂദ് ചെയ്തുകൂടായിരുന്നോ? (ആകാശങ്ങളിലും ഭൂമിയിലും ഒളിഞ്ഞിരിക്കുന്നത് പുറത്തു കൊണ്ടുവരുന്നവനായ അല്ലാഹുവിന് സുജൂദ് ചെയ്യാതിരിക്കുന്നത്) ആകാശമണ്ഡലങ്ങളിലും ഭൂമിയിൽ എവിടെയുമുള്ള നിസ്സാര സൃഷ്ടികളെയും വിത്തുകളെയും ചെടികളെയും അവനറിയുന്നു. മനസ്സിൽ മറച്ചുവെച്ചതും അവനറിയും. ഭൂമിയിലും ആകാശത്തിലും മറഞ്ഞിരിക്കുന്നതെല്ലാം അവർ പുറത്തുകൊണ്ടുവരും. മഴ പെയ്യിച്ചും ചെടികൾ മുളപ്പിച്ചും അവൻ അതിനെ പുറത്തു കൊണ്ടുവരുന്നു. കാഹളത്തിൽ ഊതുമ്പോൾ ഭൂമിയിൽ മറഞ്ഞു കിടക്കുന്ന മരണപ്പെട്ടവരെ ഭൂമിക്കുള്ളിൽ നിന്നും അവൻ പുറത്തുകൊണ്ടുവരും; അവർക്ക് അവരുടെ കർമങ്ങളുടെ പ്രതിഫലം നൽകുന്നതിനായി. (നിങ്ങൾ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അറിയുകയും ചെയ്യുന്നവനാണ്).*

اللَّهُ لَا إِلَٰهَ إِلَّا هُوَ رَبُّ الْعَرْشِ الْعَظِيمِ ۩ ﴿٢٦﴾

26 മഹത്തായ സിംഹാസനത്തിന്റെ നാഥനായ അല്ലാഹു അല്ലാതെ യാതൊരു ദൈവവുമില്ല.

*26) (അല്ലാഹു അല്ലാതെ യാതൊരു ദൈവവുമില്ല) ആരാധനയും താഴ്മയും സ്നേഹവും എല്ലാം അവനു മാത്രം. കാരണം അവനാണ് ആരാധ്യൻ. അവന് സമ്പൂർണ വിശേഷണങ്ങളുണ്ട്. അവൻ നൽകുന്ന അനുഗ്രഹങ്ങൾ കാരണം അവനു മാത്രമാണ് ആരാധനയർഹിക്കുന്നത്. (മഹത്തായ സിംഹാസനത്തിന്റെ നാഥൻ) ഭൂമിയും ആകാശവും പോലെ വിശാലമായ സിംഹാസനം; സൃഷ്ടികളുടെ മേൽക്കൂരയാണത്. മഹത്തായ അധികാരവും ശക്തിയുമുള്ള ഈ പരമാധികാരിക്കാണ് നാം കീഴൊതുങ്ങുകയും പ്രണാമം അർപ്പിക്കുകയും കുമ്പിടുകയും ചെയ്യേണ്ടത്. ഈ സുപ്രധാന വാർത്ത നൽകിയപ്പോൾ മരംകൊത്തി ശിക്ഷയിൽനിന്ന് രക്ഷപ്പെട്ടു. ഇതെങ്ങനെ താൻ അറിയാതെ പോയി എന്ന് സുലൈമാൻ നബി(അ) അത്ഭുതപ്പെട്ടു. അദ്ദേഹത്തിന്റെ ജ്ഞാനവും പക്വമായ ചിന്തയും കാരണം വാർത്ത പരിശോധിക്കാൻ അദ്ദേഹം ആഗ്രഹിച്ചു.*

قَالَ سَنَنظُرُ أَصَدَقْتَ أَمْ كُنتَ مِنَ الْكَاذِبِينَ ﴿٢٧﴾

27
–
28

സുലൈമാൻ പറഞ്ഞു: നീ സത്യം പറഞ്ഞതാണോ അതല്ല നീ കള്ളം പറയുന്നവരുടെ കൂട്ടത്തിലായിരിക്കുന്നുവോ എന്ന് നാം നോക്കാം.

اذْهَب بِّكِتَابِي هَٰذَا فَأَلْقِهْ إِلَيْهِمْ ثُمَّ تَوَلَّ عَنْهُمْ فَانظُرْ مَاذَا يَرْجِعُونَ ﴿٢٨﴾

നീ എന്റെ ഈ എഴുത്ത് കൊണ്ടു പോയി അവർക്ക് ഇട്ടുകൊടുക്കുക. പിന്നീട് നീ അവരിൽ നിന്ന് മാറിനിന്ന് അവർ എന്ത് മറുപടി നൽകുന്നു എന്ന് നോക്കുക.

*27-28). (സുലൈമാൻ പറഞ്ഞു: നീ സത്യം പറഞ്ഞതാണോ അതല്ല നീ കള്ളം പറയുന്നവരുടെ കൂട്ടത്തിലാണോ എന്ന് നമുക്ക് നോക്കാം). (നീ എന്റെ ഈ എഴുത്ത് കൊണ്ടുപോയി) എഴുത്തിൽ ഉള്ളത് ശേഷം വരുന്നുണ്ട്. (അവർക്ക് ഇട്ടുകൊടുക്കുക. പിന്നീട് നീ അവരിൽനിന്ന് മാറിനിൽക്കുക) ദൂരെയല്ലാതെ കാത്തുനിൽക്കുക. (അവർ എന്തു മറുപടി പറയുന്നു എന്ന് നോക്കുക) നിന്നോട് എങ്ങനെ പ്രതികരിക്കുന്നു എന്ന് നോക്കുക.*

قَالَتْ يَا أَيُّهَا الْمَلَأُ إِنِّي أُلْقِيَ إِلَيَّ كِتَابٌ كَرِيمٌ ﴿٢٩﴾

അവൾ പറഞ്ഞു: ഹേ; പ്രമുഖൻമാരേ, എനിക്കിതാ മാന്യമായ ഒരു എഴുത്ത് നൽകപ്പെട്ടിരിക്കുന്നു.

إِنَّهُ مِن سُلَيْمَانَ وَإِنَّهُ بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ ﴿٣٠﴾

29
–
31

അത് സുലൈമാന്റെ പക്കൽനിന്നുള്ള താണ്. ആ കത്ത് ഇപ്രകാരമത്രെ: 'പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

أَلَّا تَعْلُوا عَلَيَّ وَأْتُونِي مُسْلِمِينَ ﴿٣١﴾

എനിക്കെതിരിൽ നിങ്ങൾ അഹങ്കാരം കാണിക്കാതിരിക്കുകയും കീഴൊതുങ്ങിയവരായിക്കൊണ്ട് നിങ്ങൾ എന്റെ അടുത്ത് വരികയും ചെയ്യുക.'

*29 -31) അങ്ങനെ ഹുദ്ഹുദ് കത്ത് അവർക്ക് കൈമാറി. അവൾ തന്റെ ആളുകളോട് പറഞ്ഞു: (എനിക്കിന്ന് മാന്യമായ ഒരു എഴുത്ത് നൽകപ്പെട്ടിരിക്കുന്നു) അതായത് ഭൂമിയിലെ ഏറ്റവും വലിയ രാജാക്കന്മാരിൽ ഒരാളിൽനിന്ന് വളരെ പ്രാധാന്യമുള്ള ഒരു കത്ത് എനിക്ക് കിട്ടി. തുടർന്ന് അവൾ കത്തിന്റെ ഉള്ളടക്കം കാണിച്ചു. (അത് സുലൈമാന്റെ പക്കൽ നിന്നുള്ളതാണ്. ആ കത്ത് ഇപ്രകാരമത്രെ: പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. എനിക്കെതിരെ നിങ്ങൾ അഹങ്കാരം കാണിക്കാതിരിക്കുകയും കീഴൊതുങ്ങിയവരായിക്കൊണ്ട് നിങ്ങൾ എന്റെ അടുക്കൽ വരികയും ചെയ്യുക). അതായത്, എന്നെക്കാൾ നിങ്ങളുടെ ശ്രേഷ്ഠത തെളിയിക്കാൻ ശ്രമിക്കരുത്. മറിച്ച് എന്റെ ആധിപത്യത്തിന് കീഴൊതുങ്ങുകയും എന്റെ കൽപനകൾ അനുസരിക്കുകയും കീഴടങ്ങി എന്റെ അരികിൽ വരികയും ചെയ്യുക.*

*ഇതു വളരെ സംക്ഷിപ്തമാണ്. അതേസമയം വളരെ വ്യക്തവുമാണ്. അദ്ദേഹത്തെക്കാൾ ഔന്നിത്യം കാണിക്കുന്നതിനെ വിലക്കുന്നു. ഇപ്പോഴുള്ള അവസ്ഥ തുടരുന്നതിനെയും വിലക്കുന്നു. തന്റെ കൽപനകൾക്ക് കീഴൊതുങ്ങാനും തന്നെ അനുസരിക്കുന്നതിലേക്ക് വരാനും നിർദേശിക്കുന്നു. അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു. എഴുത്തുകൾ ബിസ്മികൊണ്ട് ആരംഭിക്കുന്നത് നല്ലതാണെന്നും എഴുത്തിന്റെ ആദ്യ തലക്കെട്ടിൽ തന്നെ കത്ത് നൽകപ്പെടുന്ന വ്യക്തിയുടെ പേര് പറയണമെന്നും മനസ്സിലാകുന്നു.*

32
–
33

قَالَتْ يَا أَيُّهَا الْمَلَأُ أَفْتُونِي فِي أَمْرِي مَا كُنتُ قَاطِعَةً أَمْرًا حَتَّىٰ تَشْهَدُونِ ٣٢

അവൾ പറഞ്ഞു: 'ഹേ; പ്രമുഖൻമാരേ, എന്റെ ഈ കാര്യത്തിൽ നിങ്ങൾ എനിക്ക് നിർദേശം നൽകുക. നിങ്ങൾ എന്റെ അടുക്കൽ സന്നിഹിതരായിട്ടല്ലാതെ യാതൊരു കാര്യവും ഖണ്ഡിതമായി തീരുമാനിക്കുന്ന വളല്ല ഞാൻ.'

قَالُوا نَحْنُ أُولُو قُوَّةٍ وَأُولُو بَأْسٍ شَدِيدٍ وَالْأَمْرُ إِلَيْكِ فَانظُرِي مَاذَا تَأْمُرِينَ ٣٣

അവർ പറഞ്ഞു: 'നാം ശക്തിയുള്ളവരും ഉഗ്രമായ സമരവീര്യമുള്ളവരുമാണ്. അധികാരം അങ്ങേക്കാണല്ലോ, അതിനാൽ എന്താണ് കൽപിച്ചരുളേണ്ടതെന്ന് ആലോചിച്ചു നോക്കുക.'

*32-33). അവളുടെ നിശ്ചയദാർഢ്യവും ബുദ്ധിയും കാരണം അവൾ തന്റെ രാജ്യത്തെ മുതിർന്നവരും പ്രമുഖരുമായ വ്യക്തികളെ ഒരുമിച്ചുകൂട്ടി പറഞ്ഞു: (ഹേ പ്രമുഖരേ, എന്റെ ഈ കാര്യത്തിൽ നിങ്ങൾ എനിക്ക് നിർദേശം നൽകുക) എന്തു മറുപടിയാണ് അദ്ദേഹത്തിന് നൽകുക എന്ന് നിങ്ങൾ എനിക്ക് പറഞ്ഞുതരൂ. നാം അദ്ദേഹത്തെ അനുസരിക്കേണ്ടതുണ്ടോ, അതോ മറ്റെന്തെങ്കിലും വഴിയുണ്ടോ? (നിങ്ങൾ എന്റെ അടുക്കൽ സന്നിഹിതരായിട്ടല്ലാതെ യാതൊരു കാര്യവും ഖണ്ഡിതമായി തീരുമാനിക്കുന്നവളല്ല ഞാൻ) നിങ്ങളുടെ സമ്മതമില്ലാതെ ഞാൻ ഒരു തീരുമാനവും എടുക്കില്ല. അതായത് നിങ്ങളോട് ആലോചിക്കാതെ ഞാൻ ഒരു തീരുമാനവും എടുക്കുന്നില്ല. അവർ പറഞ്ഞു: (നാം ശക്തിയുള്ളവരും സമരവീര്യമുള്ളവരുമാണ്) അതായത്, നിങ്ങൾ അയാളുടെ ക്ഷണം നിരസിക്കുകയും അയാളെ അനുസരിക്കാതിരിക്കുകയും ചെയ്യുക. ഇതുമൂലം വരുന്ന ഭവിഷ്യത്തുകൾ എന്തുതന്നെയായാലും അതിനെ പ്രതിരോധിക്കാൻ ഞങ്ങൾ ശക്തരും യുദ്ധം ചെയ്യാൻ പ്രാപ്തരുമാണ്. അവരുടെ വീക്ഷണം നിരസിക്കണമെന്നാണെന്ന് തോന്നുന്നു. അതെങ്ങാനും അവർ തീരുമാനിച്ചിരുന്നുവെങ്കിൽ അവരെ നാശത്തിലേക്ക് നയിക്കുമായിരുന്നു. എന്നാൽ അവർ അതിൽ ഉറച്ചുനിന്നില്ല. പകരം അവർ പറഞ്ഞു: (അധികാരം അങ്ങേക്കാണല്ലോ) അത് നിങ്ങളുടെ തീരുമാനമാണ്. കാരണം അവർക്ക് അവരുടെതായ ചിന്തയും തീരുമാനവും ഉണ്ടെന്നും അവരോട് അവർക്ക് ഗുണകാംക്ഷയുണ്ടെന്നും അവർക്കറിയാമായിരുന്നു. (അതിനാൽ ആലോചിച്ചു നോക്കുക) ചിന്തിച്ചും ആലോചിച്ചും. (എന്താണ് കൽപിച്ച് അരുളേണ്ടതെന്ന്).*

34
–
35

قَالَتْ إِنَّ الْمُلُوكَ إِذَا دَخَلُوا قَرْيَةً أَفْسَدُوهَا وَجَعَلُوا أَعِزَّةَ أَهْلِهَا أَذِلَّةً ۖ وَكَذَٰلِكَ يَفْعَلُونَ ٣٤

അവൾ പറഞ്ഞു: തീർച്ചയായും രാജാക്കൻമാർ ഒരു നാട്ടിൽ കടന്നാൽ അവർ അവിടെ നാശമുണ്ടാക്കുകയും അവിടത്തുകാരിലെ പ്രതാപികളെ നിന്ദ്യൻമാരാക്കുകയും ചെയ്യുന്നതാണ്. അപ്രകാരമാകുന്നു അവർ ചെയ്തുകൊണ്ടിരിക്കുന്നത്.

وَإِنِّي مُرْسِلَةٌ إِلَيْهِم بِهَدِيَّةٍ فَنَاظِرَةٌ بِمَ يَرْجِعُ الْمُرْسَلُونَ ٣٥

ഞാൻ അവർക്ക് ഒരു പാരിതോഷികം കൊടുത്തയച്ചിട്ട് എന്തൊരു വിവരവും കൊണ്ടാണ് ദൂതൻമാർ മടങ്ങിവരുന്നതെന്ന് നോക്കാൻ പോകുകയാണ്.'

*34-35). അവരുടെ അഭിപ്രായം മാറ്റാൻ അവൾ അവരോട് പറഞ്ഞു. യുദ്ധത്തിന്റെ മോശം അനന്തരഫലങ്ങൾ വിശദീകരിച്ചുകൊടുത്തു. (തീർച്ചയായും രാജാക്കന്മാർ ഒരു നാട്ടിൽ കടന്നാൽ അവർ അവിടെ നാശം ഉണ്ടാക്കും) കൊന്നും തടവുകാരാക്കിയും കൊള്ളയടിച്ചും കെട്ടിടങ്ങൾ നശിപ്പിച്ചും അവരവിടം നശിപ്പിക്കും. (അവിടത്തെ പ്രതാപികളെ നിന്ദ്യരാക്കുകയും ചെയ്യും) അതായത് നേതാക്കളെയും ജനങ്ങളിൽ കുലീനരെയും അവർ ഏറ്റവും താഴ്ന്നവരാക്കുന്നു. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ യുദ്ധം നല്ലതല്ല. മാത്രമല്ല, അവനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനും പരിശോധിക്കുന്നതിനും ഒരാളെ അയക്കുന്നതിന് മുമ്പ് ഞാൻ കീഴൊതുങ്ങില്ല. അവൾ പറഞ്ഞു: (ഞാൻ അവർക്ക് ഒരു പാരിതോഷികം കൊടുത്തയച്ചിട്ട് എന്തൊരു വിവരവും കൊണ്ടാണ് ദൂതന്മാർ മടങ്ങിവരുന്നതെന്ന് നോക്കാൻ പോകുകയാണ്) അദ്ദേഹം പറഞ്ഞതിൽ തന്നെ ഉറച്ചു നിൽക്കുമോ അതോ സമ്മാനത്തിൽ വഞ്ചിതനായി മനസ്സു മാറുമോ? അദ്ദേഹത്തിന്റെയും അവദ്ദേഹത്തിന്റ സൈന്യത്തിന്റെയും അവസ്ഥ എത്രത്തോളം ഉണ്ട് എന്ന് നോക്കട്ടെ.*




## നവോത്ഥാനവും സമസ്തയും തമ്മിലെന്ത്? 02

# ഇംഗ്ലീഷ് ഭാഷയെ എതിർത്തതെന്തിന്?

മൂസ സ്വലാഹി കാര
: 97473 45768

പണ്ടത്തെ മുസ്‌ലിയാക്കന്മാർ ഇംഗ്ലീഷ് ഭാഷയോട് വെറുപ്പ് കാണിച്ചതും അതിനെ നരകത്തിലെ ഭാഷയാക്കി അവതരിപ്പിച്ചതും ഇപ്പോഴത്തെ മുസ്‌ലിയാക്കന്മാർക്ക് ഓർക്കുന്നതു പോലും മാനക്കേടുണ്ടാക്കുന്നതാണ്. അതൊക്കെ പഴയ നിലപാടല്ലേ, ഇംഗ്ലീഷ് ഭാഷയുടെ കാര്യത്തിൽ നമ്മൾ എത്രയോ പുരോഗതി കൈവരിച്ചിട്ടുണ്ടല്ലോ എന്ന് സ്വയം ആശ്വസിക്കുകയാണവർ.

“ഒരു കാലത്ത് ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണെന്നു പറഞ്ഞവർക്ക് മതം അനുശാസിക്കുന്ന നിഷ്കളങ്കതയുണ്ടായിരുന്നു. ഇംഗ്ലീഷ് മീഡിയം ഇസ്‌ലാമിക് നഴ്സറി സ്കൂൾ നടത്തുന്ന പുതുതലമുറയെ നയിക്കുന്നത് പൂർണമായും കച്ചവടതാത്പര്യങ്ങളല്ലെന്നു പറയാമോ?'' (രിസാല/2007 ഡിസംബർ 14/പേജ് 32).

“നമുക്കു മാത്രമെ ധൈര്യപൂർവ്വം വിസമ്മതത്തിന്റെ മുദ്രാവാക്യം മുഴക്കാൻ അവകാശമുള്ളൂ. കാരണം നാമാരിൽ നിന്നും അച്ചാരം വാങ്ങിയിട്ടില്ല. സാമ്രാജ്യത്വാധിനിവേശങ്ങൾക്കെതിരെ എന്നും വിസമ്മതം പ്രകടിപ്പിച്ചവരാണ് നമ്മൾ. ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണെന്ന് നമ്മുടെ പണ്ഡിതന്മാരെക്കൊണ്ട് പറയിപ്പിച്ചത് ഈ വിസമ്മതത്തിന്റെ കരുത്താണ്'' (സുന്നി വോയ്സ്/2006 ജനുവരി 1-30).

**‘സമസ്ത’യുടെ പോഷകഘടകങ്ങളുടെ പേരുകൾ പോലും ഇംഗ്ലീഷ് ഭാഷയിലാകും വിധം പരിവർത്തിക്കപ്പെട്ട ഇവർക്ക് അത് നരകത്തിലെ ഭാഷയല്ലാതായത് എന്ന് മുതലാണെന്ന് അണികളെയെങ്കിലും ഒന്നറിയിക്കാമായിരുന്നു! നവോത്ഥാന പരിശ്രമങ്ങളെ അടിച്ചമർത്താൻ കച്ചകെട്ടിയിറങ്ങിയ മുസ്‌ലിയാക്കന്മാർക്ക് അവരുടെ മുന്നോട്ടുള്ള യാത്രയിൽ ക്ലേശകരമായ അനുഭവങ്ങൾ ഉണ്ടാകുമെന്നായപ്പോൾ നിലപാടുകൾ മാറ്റേണ്ടിവന്നു. അങ്ങനെ, ഞങ്ങളാണ് നവോത്ഥാനത്തിന് നേതൃത്വം നൽകിയവരെന്ന് അവകാശവാദം ഉന്നയിക്കുന്നതിലേക്ക് അവരെത്തി.**

‘സമസ്ത’യുടെ പോഷകഘടകങ്ങളുടെ പേരുകൾ പോലും ഇംഗ്ലീഷ് ഭാഷയിലാകും വിധം പരിവർത്തിക്കപ്പെട്ട ഇവർക്ക് അത് നരകത്തിലെ ഭാഷയല്ലാതായത് എന്ന് മുതലാണെന്ന് അണികളെയെങ്കിലും ഒന്നറിയിക്കാമായിരുന്നു! നവോത്ഥാന പരിശ്രമങ്ങളെ അടിച്ചമർത്താൻ കച്ചകെട്ടിയിറങ്ങിയ മുസ്‌ലിയാക്കന്മാർക്ക് അവരുടെ മുന്നോട്ടുള്ള യാത്രയിൽ ക്ലേശകരമായ അനുഭവങ്ങൾ ഉണ്ടാകുമെന്നായപ്പോൾ നിലപാടുകൾ മാറ്റേണ്ടിവന്നു. അങ്ങനെ, ഞങ്ങളാണ് നവോത്ഥാനത്തിന് നേതൃത്വം നൽകിയവരെന്ന് അവകാശവാദം ഉന്നയിക്കുന്നതിലേക്ക് അവരെത്തി.

ഇംഗ്ലീഷ് ഭാഷയോടുണ്ടായിരുന്ന പഴയ നിലപാട് പുതുതലമുറ അറിയുന്നതിലുള്ള മാനക്കേട് മറച്ചുവെക്കാൻ നടത്തുന്ന ന്യായീകരണം കാണുക:

“സമസ്ത ഇന്നുവരെ ഔദ്യോഗികമായ ഫത്‌വയിലൂടെയോ പ്രസ്താവനയിലൂടെയോ ഇംഗ്ലീഷ് ഭാഷയെ എതിർത്തതായി കാണാൻ സാധിക്കില്ല” (സുപ്രഭാതം/2026 ജനുവരി 30 വെള്ളി/പേജ് 7).

സമസ്തയുടെ സിരകളിലോടുന്ന ഇംഗ്ലീഷ് വിരോധത്തിന് പ്രത്യേക ഫത്‌വയും പ്രസ്താവനയും ആവശ്യപ്പെടുന്നതിന്റെ യുക്തി വെടിയൊച്ച ഉണ്ടാക്കലല്ലാതെ മറ്റൊന്നുമല്ല! വലിയ വെല്ലുവിളികൾക്കി ടയിലും, സമസ്തയുടെ പണ്ഡിതന്മാർ ഇംഗ്ലീഷ് വിരോധം വെച്ചുപുലർത്തിയിരുന്നുവെന്ന യാഥാർഥ്യം അംഗീകരിക്കുന്നത് കാണുക:

“എന്നാൽ ഇംഗ്ലീഷ് ഭാഷയോട് വിരോധമുണ്ടായിരുന്ന പണ്ഡിതർ അക്കാലത്ത് സുന്നിസാമൂഹിക ലോകത്തുടനീളം ഉണ്ടായിരുന്നു, സമസ്തയിലും ഉണ്ടായിരുന്നു. അതിന് പ്രേരിപ്പിക്കുന്ന രാഷ്ട്രീയ ചുറ്റുപാടുകളും ഉണ്ടായിരുന്നു. കൊളോണിയൽ വിരുദ്ധത തന്നെയായിരുന്നു അതിൽ പ്രധാനം” (സുപ്രഭാതം/പേജ് 7).

കൊളോണിയൽ വിരുദ്ധതയുടെ പേരിൽ ഇംഗ്ളീഷ് നരകത്തിലെ ഭാഷയാണെന്ന് കള്ളം പറയാമോ? അതിന് വല്ല തെളിവുമുണ്ടോ? ബ്രിട്ടീഷ് പ്രഭു വിമാനാപകടത്തിൽനിന്ന് രക്ഷപ്പെട്ടപ്പോൾ സന്തോഷം പ്രകടിപ്പിച്ചതും കൊളോണിയൽ വിരുദ്ധതയുടെ ഭാഗമായിരുന്നോ?

### സ്ത്രീവിദ്യാഭ്യാസത്തോടുള്ള സമീപനം

സ്ത്രീകൾ വിദ്യ നേടുക, എഴുത്ത് പഠിക്കുക എന്നതെല്ലാം അവർക്ക് നിഷിദ്ധമാക്കിയവരാണ് മുസ്‌ലിയാക്കന്മാർ. അവർ അഭിമാനപുരസ്സരം പാസ്സാക്കിയ പ്രമേയം കാണുക:

“സ്ത്രീകൾക്ക് കൈയെഴുത്ത് പഠിക്കൽ ശറഇൽ മക്‌റൂഹാണെന്നും മറ്റും പല മഹാന്മാരായ ഉലമാക്കൾ മുമ്പ് തന്നെ തീരുമാനിച്ചിട്ടുള്ളതാകയാൽ അവർക്ക് കൈയെഴുത്ത്പഠിപ്പിക്കൽ പ്രത്യേകം പാടില്ലാത്തതാണെന്നും ഈ യോഗം തീരുമാനിച്ചിരിക്കുന്നു’’ (അൽബയാൻ മാസിക/1930).

“ഇക്കാലത്തുള്ള സ്ത്രീ അക്ഷരവിദ്യ അധികവും ദീനിയായ വിഷയത്തിലോ ശറഅ് അനുസരിച്ച തോതിലോ കാര്യമായ ആവശ്യത്തിനോ അല്ലാത്തതോട് കൂടി അതിനാൽ കണക്കില്ലാത്ത പാപങ്ങൾ വന്ന് വശാകുന്നതും അത് പലേ പാപങ്ങൾക്കുള്ള ഉപകരണമാകുന്നതും ദൃഷ്ടിയിൽ അറിയപ്പെട്ടതായും അനുഭവപ്പെട്ടതായും വരുന്നത് കൊണ്ട് സ്ത്രീ അക്ഷ

രവിദ്യ ശറഅ് അനുസരിച്ച വിധത്തിലും ദീനിയ്യായ വിഷയത്തിലും ആയാൽ അത് അസ്‌ലിൽ മക്റൂഹ് മാത്രമാണെങ്കിലും ഇക്കാലത്തുള്ള സ്ത്രീ അക്ഷരവിദ്യ തീർച്ചയായും ഹറാമാകാൻ മാത്രമേ വഴികാണുന്നുള്ളൂ'' (അൽബയാൻ/1930 ഫെബ്രുവരി/പേജ് 17).

മണ്ണാർക്കാട് വെച്ച് 1930ൽ സമസ്തയുടെ നാലാം വാർഷികത്തിൽ ഇതിന് വേണ്ടി പ്രത്യേക പ്രമേയം തന്നെ അവതരിപ്പിച്ചിരുന്നു.

"മണ്ണാർക്കാട് സമ്മേളനത്തിൽ സ്ത്രീകൾ എഴുത്ത് പഠിക്കുന്നത് സംബന്ധിച്ച് ഒരു പ്രമേയം പണ്ഡിത സഭ പാസ്സാക്കി. പുത്തൻകൂറ്റുകാരുടെ എതിർപ്പിന് ഏറെ വിധേയമായ ഒരു തീരുമാനമായിരുന്നു അത്'' (സമസ്ത, വരക്കൽ മുതൽ കാന്തപുരം വരെ/ അഡ്വ. എ.കെ ഇസ്മാഈൽ വഫ/പേജ് 61).

അപമാനകരമായ ഈ തീരുമാനത്തെ ന്യായീകരിച്ച് മെഴുകുകയാണ് പുതുതലമുറക്കാരായ മുസ്‌ലിയാക്കൾ:

"സമസ്ത സ്ത്രീകളെ വായിച്ചതിലുമില്ല അക്ഷരത്തെറ്റ്. 1930ൽ മണ്ണാർക്കാട്ട് നടന്ന സമസ്ത നാലാം വാർഷിക സമ്മേളനത്തിലാണ് ഈ ആരോപണത്തിന് ഉപോൽബലകമാകുന്ന പെണ്ണിനെ എഴുത്ത് പഠിപ്പിക്കുന്നത് അഭിലഷണീയമല്ല എന്ന് തോന്നിപ്പിക്കുന്ന രൂപത്തിൽ ഒരു പ്രമേയം ഉണ്ടാകുന്നത്. മസ്‌ലഹത്ത് പരിഗണിക്കലും അനിവാര്യത മുഖവിലക്കെടുക്കലും ഫിഖ്ഹുൽ അഖല്ലിയ്യാത്തിന്റെ വക്താക്കൾ പറയുന്നത് പോലെ ആധുനികതയോട് ഒത്ത് പോവലല്ല, മറിച്ച് ഫിഖ്ഹിന്റെ അടിസ്ഥാന തത്വങ്ങൾ നിർദ്ദേശിക്കുന്ന നിയമങ്ങൾ തന്നെയാണ്. കിതാബത്ത് എന്നതിന് ഗുമസ്തപ്പണി, ഓഫീസ് ജോലി എന്ന സാങ്കേതികാർഥം വച്ചാൽ ആ പ്രമേയത്തിനു പിന്നിലും ദേശക്കൂറാണെന്ന് വരും'' (സുപ്രഭാതം/2026 ജനുവരി 30 വെള്ളി/ പേജ് 7).

**അഹ്‌ലുസ്സുന്നയുടെ കാവലാളുകളായി കടന്നുവന്ന് സമുദായത്തിന്റെ മത - ഭൗതിക രംഗങ്ങളിലെ അഭിവൃദ്ധിക്കായി കഠിനാധ്വാനം നടത്തിയവരെ കരിവാരിത്തേക്കുന്ന പണി ഇനിയെങ്കിലും അവസാനിപ്പിച്ചുകൂടേ? സാധാരണക്കാർ സത്യം മനസ്സിലാക്കുകയും മുജാഹിദ് പ്രസ്ഥാനം സമുദായത്തെ മത-ഭൗതിക രംഗങ്ങളിൽ കൈപിടിച്ചുയർത്തിയത്അംഗീകരിക്കുകയും ചെയ്യുന്നുണ്ട് എന്ന കാര്യം മുസ്‌ലിയാക്കൾ തിരിച്ചറിയണം. സത്യത്തെ അംഗീകരിക്കാനും നവോത്ഥാനവെളിച്ചം പകർന്ന് മാതൃക കാട്ടിയവർക്കായി പ്രാർഥിക്കാനുമുള്ള വിനയം ഇവർക്കുണ്ടാകട്ടെ എന്ന് പ്രാർഥിക്കാം.**

സമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയമെങ്ങനെയാണ് തോന്നിപ്പിക്കൽ മാത്രമാവുക? സ്ത്രീകളുടെ ഉന്നമനത്തിനായി ഉയർന്ന പദ്ധതികൾ ആവിഷ്കരിക്കുന്നവരാണ് ഞങ്ങളെന്ന് വിളിച്ച് പറയുന്നവർ ശതാബ്ദി വേളയിലും ആ പഴയ പ്രമേയത്തെ തള്ളിപ്പറയാനല്ല, ന്യായീകരിക്കാനാണ് മുതിരുന്നത്.

അഹ്‌ലുസ്സുന്നയുടെ കാവലാളുകളായി കടന്നുവന്ന് സമുദായത്തിന്റെ മത-ഭൗതിക രംഗങ്ങളിലെ അഭിവൃദ്ധിക്കായി കഠിനാധ്വാനം നടത്തിയവരെ കരിവാരിത്തേക്കുന്ന പണി ഇനിയെങ്കിലും അവസാനിപ്പിച്ചുകൂടേ? സാധാരണക്കാർ സത്യം മനസ്സിലാക്കുകയും മുജാഹിദ് പ്രസ്ഥാനം സമുദായത്തെ മത-ഭൗതികരംഗങ്ങളിൽ കൈപിടിച്ചുയർത്തിയത് അംഗീകരിക്കുകയും ചെയ്യുന്നുണ്ട് എന്ന കാര്യം മുസ്‌ലിയാക്കൾ തിരിച്ചറിയണം. സത്യത്തെ അംഗീകരിക്കാനും നവോത്ഥാനവെളിച്ചം പകർന്ന് മാതൃക കാട്ടിയവർക്കായി പ്രാർഥിക്കാനുമുള്ള വിനയം ഇവർക്കുണ്ടാകട്ടെ എന്ന് പ്രാർഥിക്കാം.

അല്ലാഹു പറയുന്നു: "അവരുടെ ശേഷം വന്നവർക്കും. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ. സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയു മാകുന്നു'' (59:10).




# മുഹമ്മദ് നബി(സ്വ)യെ പിൻപറ്റുക

ഇഅ്ജാസ് ബിൻ ഇസ്മാഈൽ,
മസ്കത്ത്
:00968-98242217

ക്വുർആൻ, അല്ലാഹുവിന്റെ അനന്തമായ കാരുണ്യത്തിന്റെ പ്രതിഫലനമാണ്. അതിന്റെ വാക്യങ്ങൾ മനുഷ്യഹൃദയത്തെ സ്പർശിക്കുകയും ജീവിതത്തിന്റെ യാഥാർഥ്യങ്ങളെ ഓർമിപ്പിക്കുകയും ചെയ്യുന്നു. മുൻകാല പ്രവാചകന്മാരിൽനിന്ന് മുഹമ്മദ് നബി(സ്വ)യെ വ്യത്യസ്തനാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം അദ്ദേഹത്തിന്റെ ദൗത്യത്തിന്റെ 'സാർവലൗകികത'യാണ്. ഒരു ഗോത്രത്തിലേക്കോ ഒരു ദേശത്തിലേക്കോ മാത്രമായി വന്ന നബിയല്ല അദ്ദേഹം. ലോകാവസാനം വരെയുള്ള സകല മനുഷ്യർക്കും വഴികാട്ടിയായി നിയോഗിക്കപ്പെട്ട ആ വിശ്വപ്രവാചകനെ പരിചയപ്പെടുത്തുന്ന, സൂറത്തുൽ അഅ്റാഫിലെ 158ാം വചനം നമുക്ക് പരിശോധിക്കാം:

ചരിത്രത്തിൽ ഒട്ടനവധി പ്രവാചകന്മാർ കടന്നുപോയിട്ടുണ്ട്. അവരൊക്കെയും നിയോഗിക്കപ്പെട്ടത് ഒരു പ്രത്യേക ജനതയിലേക്കോ (ഉദാഹരണത്തിന് മൂസാ(അ) ഇസ്രാഈൽ സന്തതികൾ)

അല്ലെങ്കിൽ ഒരു പ്രത്യേക കാലഘട്ടത്തിലേക്കോ മാത്രമായിരുന്നു. എന്നാൽ, ലോകത്തുള്ള വെളുത്തവനും കറുത്തവനും അറബിക്കും അനറബിക്കും അന്നുള്ളവർക്കും ഇനി വരാനിരിക്കുന്നവർക്കും ഒരേപോലെ അവകാശപ്പെട്ട ഒരു നേതാവിനെക്കുറിച്ച് ഖുർആൻ പ്രഖ്യാപിക്കുന്നു.

ആറാം നൂറ്റാണ്ടിലെ ജനങ്ങൾക്ക് മാത്രമല്ല, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ആധുനിക മനുഷ്യനും ഇനി ലോകാവസാനംവരെ വരാനിരിക്കുന്നവർക്കും വഴികാട്ടി അദ്ദേഹം മാത്രമാണ്.

ലോകരക്ഷിതാവായ അല്ലാഹു, തന്റെ ദൂതനായ മുഹമ്മദ് നബി(സ്വ)യോട് ലോകജനതയെ ഒന്നാകെ വിളിച്ചുണർത്തിക്കൊണ്ട് ഇപ്രകാരം പറയാൻ കൽപിക്കുന്നു:

قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ
إِلَيْكُمْ جَمِيعًا الَّذِي لَهُ مُلْكُ
السَّمَاوَاتِ وَالْأَرْضِ ۖ لَا إِلَٰهَ إِلَّا هُوَ يُحْيِي
وَيُمِيتُ ۖ فَآمِنُوا بِاللَّهِ وَرَسُولِهِ النَّبِيِّ
الْأُمِّيِّ الَّذِي يُؤْمِنُ بِاللَّهِ وَكَلِمَاتِهِ وَاتَّبِعُوهُ
لَعَلَّكُمْ تَهْتَدُونَ

“പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള, അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ). അവനല്ലാതെ

**‘നിങ്ങളിലേക്കെല്ലാമുള്ള, അല്ലാഹുവിന്റെ ദൂതൻ’ എന്ന പ്രയോഗം വളരെ വലുതാണ്. ദേശത്തിന്റെയോ ഭാഷയുടെയോ അതിരുകൾ പ്രവാചകനില്ല. ഈജിപ്തുകാരനും ഇന്ത്യക്കാരനും അമേരിക്കക്കാരനും ഒരേപോലെ മാതൃകയാക്കാവുന്ന, ഒരേപോലെ അനുസരിക്കാൻ ബാധ്യതയുള്ള നേതാവാണദ്ദേഹം. മാനവരെ ഒരൊറ്റ കുടക്കീഴിൽ അണിനിരത്തുന്ന ആഗോള നേതൃത്വമാണത്.**

ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ നിങ്ങൾ നേർമാ ർഗം പ്രാപിച്ചേക്കാം” (7:158)

**‘എല്ലാവരിലേക്കുമുള്ള’ ദൂതൻ**

‘നിങ്ങളിലേക്കെല്ലാമുള്ള, അല്ലാഹുവിന്റെ ദൂതൻ’ എന്ന പ്രയോഗം വളരെ വലുതാണ്. ദേശത്തിന്റെയോ ഭാഷയുടെയോ അതിരുകൾ പ്രവാചകനില്ല. ഈജിപ്തുകാരനും ഇന്ത്യക്കാരനും അമേരിക്കക്കാരനും ഒരേപോലെ മാതൃകയാക്കാവുന്ന, ഒരേപോലെ അനുസരിക്കാൻ ബാധ്യതയുള്ള നേതാവാണദ്ദേഹം. മാനവരെ ഒരൊറ്റ കുടക്കീഴിൽ അണിനിരത്തുന്ന ആഗോള നേതൃത്വമാണത്.

‘ഇലൈകും ജമീഅൻ’ (നിങ്ങളെല്ലാവരിലേക്കും) എന്ന വാക്ക് വളരെ പ്രധാനമാണ്. അറബികൾക്ക് മാത്രമല്ല, യഹൂദർക്കോ ക്രിസ്ത്യാനികൾക്കോ മാത്രമല്ല, ഭൂമിയിലെ എല്ലാ മനുഷ്യർക്കും മുഹമ്മദ് നബി(സ്വ)യുടെ സന്ദേശം ബാധകമാണ്.

**ആരാണ് അയച്ചത്?**

പ്രവാചകനെ അയച്ചിരിക്കുന്നത് ആകാശഭൂമികളുടെ പരമാധികാരിയായ അല്ലാഹുവാണ്. ജീവിപ്പിക്കാനും മരിപ്പിക്കാനും കഴിവുള്ള ആ ഏകശക്തിയുടെ പ്രതിനിധിയായതുകൊണ്ട് തന്നെ, ഈ ദൂതനെ അനുസരിക്കൽ മനുഷ്യന്റെ ബാധ്യതയാണ്.

ആകാശഭൂമികളുടെ രാജാധികാരം അല്ലാഹുവിനാണ്, അവനല്ലാതെ ആരാധ്യനില്ല. ‘അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു’ എന്നത് അല്ലാഹുവിന്റെ സമ്പൂർണ ശക്തിയെ ഓർമിപ്പിക്കുന്നു, മനുഷ്യനെ തൗഹീദിലേക്ക് (ഏകദൈവത്വം) നയിക്കുന്നു.

**അക്ഷരജ്ഞാനമില്ലാത്ത പ്രവാചകൻ!**

ഈ വചനത്തിൽ പ്രവാചകനെ വിശേഷിപ്പിച്ചത് 'അന്നബിയ്യുൽ ഉമ്മിയ്യ്' എന്നാണ്. എഴുത്തും വായനയും അറിയാത്ത പ്രവാചകൻ എന്നർഥം. ഇത് അദ്ദേഹത്തിന്റെ ഒരു ന്യൂനതയല്ല, മറിച്ച് അതൊരു അത്ഭുതമാണ്. ഭൗതികമായ അറിവ് ആർജിക്കാത്ത, മുൻവേദഗ്രന്ഥങ്ങൾ വായിച്ചു പഠിക്കാത്ത ഒരാൾ, ലോകത്തിന് മുഴുവൻ വെളിച്ചം നൽകുന്ന വിജ്ഞാനവുമായി (ക്വുർആനുമായി) വന്നെങ്കിൽ, അത് അദ്ദേഹത്തിന്റെ സ്വന്തം വചനങ്ങളല്ല, മറിച്ച് ദൈവത്തിൽ നിന്നുള്ളതാണെന്നതിന് ഇതിലും വലിയ തെളിവ് വേണ്ട.

എഴുത്തും വായനയും അറിയാത്ത, സ്കൂളിലോ കോളേജിലോ പോയിട്ടില്ലാത്ത, മുൻവേദ ഗ്രന്ഥങ്ങൾ വായിച്ചിട്ടില്ലാത്ത ഒരാൾ, ലോകത്തിന്റെ ഭൂപടം മാറ്റിവരച്ച, നിയമജ്ഞരെയും ശാസ്ത്രജ്ഞരെയും അത്ഭുതപ്പെടുത്തിയ, ക്വുർആൻ എന്ന ഗ്രന്ഥവുമായി വന്നെങ്കിൽ, അത് അദ്ദേഹത്തിന്റെ തലച്ചോറിൽ ഉദിച്ച ആശയമല്ല എന്ന് വ്യക്തമാണ്.

മറ്റുള്ളവരോട് വിശ്വസിക്കാൻ പറയുകയും സ്വന്തം ജീവിതത്തിൽ അത് പകർത്താതിരിക്കുകയും ചെയ്യുന്ന നേതാക്കന്മാരെ നാം കണ്ടിട്ടുണ്ട്. എന്നാൽ ഈ വചനം പറയുന്നു: 'അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന പ്രവാചകൻ.' ജനങ്ങളോട് കൽപിക്കുന്ന കാര്യങ്ങൾ സ്വന്തം ജീവിതത്തിൽ പൂർണമായി അനുസരിച്ചുകൊണ്ട് അദ്ദേഹം മാതൃക കാണിച്ചു.

**പ്രവാചകനെ പിൻപറ്റുകയും വേണം**

ഇവിടെ രണ്ട് കാര്യങ്ങൾ പറയുന്നതായി കാണാം. ഒന്നാമതായി 'ആമിനൂ' (നിങ്ങൾ വിശ്വസിക്കുവിൻ), ഇത് മനസ്സ് കൊണ്ടുള്ള അംഗീകാരമാണ്. മറ്റൊന്ന് 'വത്തബിഊഹു (അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ)' ഇത് പ്രായോഗിക ജീവിതമാണ്.


പ്രവാചകനെ സ്നേഹിക്കുന്നു എന്ന് പറയുകയും, അദ്ദേഹത്തിന്റെ ചര്യകൾക്ക് വിരുദ്ധമായി ജീവിക്കുകയും ചെയ്യുന്നതുകൊണ്ട് കാര്യമില്ല. അദ്ദേഹത്തിന്റെ ജീവിതരീതി, പെരുമാറ്റം, ആരാധനകൾ എന്നിവ നമ്മുടെ ജീവിതത്തിൽ പകർത്തുന്നതിനാണ് 'പിൻപറ്റൽ' (ഇത്തിബാഅ്) എന്ന് പറയുന്നത്.

> **ജീവിതത്തിൽ വഴിതെറ്റാതിരിക്കാൻ മനുഷ്യന് ഒരു വഴികാട്ടി അത്യാവശ്യമാണ്. ആ വഴികാട്ടി നമ്മുടെ അതേ വികാരവിചാരങ്ങളുള്ള ഒരു മനുഷ്യനായിരിക്കുക എന്നത് ദൈവത്തിന്റെ അനുഗ്രഹമാണ്. ആ പ്രവാചകനെ പിൻപറ്റുന്നതിലൂടെ മാത്രമെ മനുഷ്യന് സ്രഷ്ടാവിലേക്ക് എത്താനും യഥാർഥ നേർവഴി (ഹിദായത്ത്) പ്രാപിക്കാനും കഴിയൂ**

ജീവിതത്തിൽ വഴിതെറ്റാതിരിക്കാൻ മനുഷ്യന് ഒരു വഴികാട്ടി അത്യാവശ്യമാണ്. ആ വഴികാട്ടി നമ്മുടെ അതേ വികാരവിചാരങ്ങളുള്ള ഒരു മനുഷ്യനായിരിക്കുക എന്നത് ദൈവത്തിന്റെ അനുഗ്രഹമാണ്. ആ പ്രവാചകനെ പിൻപറ്റുന്നതിലൂടെ മാത്രമെ മനുഷ്യന് സ്രഷ്ടാവിലേക്ക് എത്താനും യഥാർഥ നേർവഴി (ഹിദായത്ത്) പ്രാപിക്കാനും കഴിയൂ എന്ന് ഈ വചനം സമർഥിക്കുന്നു.

മനുഷ്യബുദ്ധിക്ക് മാത്രം കണ്ടെത്താൻ കഴിയാത്ത സത്യങ്ങളിലേക്കുള്ള വാതിലാണ് പ്രവാചകൻ(സ്വ). ആ പ്രവാചകൻ ഒരു പ്രത്യേക വിഭാഗത്തിന്റേതല്ല, മറിച്ച് 'മനുഷ്യർക്ക്' മുഴുവൻ അവകാശപ്പെട്ട പൊതുസ്വത്താണ്. അതാണ് 'ഹേ, മനുഷ്യരേ' (യാ അയ്യുഹന്നാസ്) എന്ന വിളി മനസ്സിലാക്കിത്തരുന്നത്. അദ്ദേഹത്തെ അറിയാനും പഠിക്കാനും പിൻപറ്റാനും തയ്യാറാകുന്നവർക്ക് മാത്രമെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് നടക്കാൻ കഴിയൂ.

*(തുടരും)*




# റമദാനും വിശുദ്ധ ക്വുർആനും

## ഹാഷിം

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹു അവന്റെ ഉത്തമ സൃഷ്ടികളായ മനുഷ്യരുടെ സംസ്കരണത്തിന് വേണ്ടി റമദാൻ മാസത്തിൽ നോമ്പ് നിർബന്ധമാക്കി. മനുഷ്യരെ ദൈവിക മാർഗത്തിലേക്ക് നയിക്കുവാനായി വിശുദ്ധ ക്വുർആൻ അവതരിച്ച മാസമാണ് റമദാൻ.

“ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ. അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്. ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്). നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും നിങ്ങൾക്ക് നേർവഴി കാണിച്ചുതന്നിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്ത്വം നിങ്ങൾ പ്രകീർത്തിക്കുവാനും നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ (ഇങ്ങനെ കൽപിച്ചിട്ടുള്ളത്)” (ക്വുർആൻ 2:285).

ക്വുർആൻ നമ്മുടെ ജീവിതത്തിന്റെ ഭാഗമായി മാറുമ്പോൾ ഉണ്ടാകുന്ന സന്തോഷവും അതിലൂടെ നമ്മുടെ ജീവിതപ്രയാസങ്ങളിൽ നമുക്ക് മനഃസമാധാനം ലഭിക്കുമെന്ന സത്യവും ക്വുർആൻ വെളിപ്പെടുത്തുന്നു:

“മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള സദുപദേശവും മനസ്സുകളിലുള്ള രോഗത്തിന് ശമനവും നിങ്ങൾക്കു വന്നുകിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവും (വന്നുകിട്ടിയിരിക്കുന്നു). പറയുക: അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ടും കാരുണ്യംകൊണ്ടുമാണത്. അതുകൊണ്ട് അവർ സന്തോഷിച്ചുകൊള്ളട്ടെ. അതാണ് അവർ സമ്പാദിച്ചു കൂട്ടിക്കൊണ്ടിരിക്കുന്നതിനെക്കാൾ ഉത്തമമായിട്ടുള്ളത്”(ക്വുർആൻ 10:57,58).

“...ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്” (ക്വുർആൻ 13:28).

വ്രതാനുഷ്ഠാനവും ക്വുർആൻ പാരായണ-പഠനം നടത്തുന്നതും മനുഷ്യനെ സംസ്കരിക്കുകയും പരലോക വിജയത്തിലേക്ക് നയിക്കുകയും ചെയ്യും. വിശുദ്ധ ക്വുർആനുമായുള്ള നമ്മുടെ ബന്ധം സുദൃഢമാകുവാൻ എന്താണ് ചെയ്യേണ്ടത്?

1. ക്വുർആൻ പാരായണം ശ്രവിക്കുക.
2. പാരായണ നിയമ പ്രകാരം പാരായണം ചെയ്യുക.
3. ക്വുർആൻ മനഃപാഠമാക്കുക.
4. തദബ്ബുർ ചെയ്യുക.
5. ക്വുർആൻ അനുശാസിക്കുന്ന ജീവിതരീതി പ്രാവർത്തികമാക്കുകയും പ്രബോധനം നടത്തുകയും ചെയ്യുക.

1. ‘ക്വുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങളത് ശ്രദ്ധിച്ച് കേൾക്കുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം’ (7:204).

2. പാരായണ നിയമത്തിൽ ശ്രദ്ധിക്കുക:

'...ഖുർആൻ സാവകാശത്തിൽ പാരായണം നടത്തുകയും ചെയ്യുക' (73:4).

ഖുർആൻ തിരക്കിട്ട് പാരായണം ചെയ്യരുത്. സാവകാശം ഓരോ പദവും സ്ഫുടമായി ഉച്ചരിക്കുക. ഓരോ സൂക്തവും നിർത്തിനിർത്തി ഓതുക. ഹദീസുകളിൽനിന്നും പാരായണനിയമം പാലിക്കേണ്ടതിന്റെ പ്രാധാന്യം നമുക്ക് വായിക്കാൻ കഴിയും.

ബശീറി(റ)ൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: 'ഖുർആൻ മണിച്ചോതാത്തവൻ നമ്മളിൽ പെട്ടവനല്ല' (അബൂദാവൂദ്).

പാരായണത്തിൽ ശ്രദ്ധിച്ചില്ലെങ്കിൽ, ഓരോ അക്ഷരവും യഥാവിധി ഉച്ചരിച്ചില്ലെങ്കിൽ വാക്കുകൾക്ക് അർഥവ്യത്യാസം സംഭവിക്കും, തെറ്റായ അർഥം വരുന്ന വാക്കുകളായി മാറും.

3. വിശുദ്ധ ഖുർആൻ മനഃപാഠമാക്കുന്നതിനുള്ള പ്രേരണയും ഖുർആനിലൂടെ അല്ലാഹു നമുക്ക് നൽകുന്നു: 'തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്'(15:9).

മനുഷ്യരുടെ പക്കലുള്ള ഖുർആൻ കോപ്പികളെല്ലാം നശിപ്പിക്കപ്പെട്ടാലും വള്ളിപുള്ളി വ്യത്യാസമില്ലാതെ അതിനെ തിരിച്ചുകൊണ്ടുവരാൻ യാതൊരു പ്രയാസവുമില്ലാത്തവിധം അത് മനഃപാഠമാക്കിയ പതിനായിരങ്ങൾ ലോകത്തുണ്ട്. അനേകം വിദ്യാർഥികൾ അത് മനഃപാഠമാക്കിക്കൊണ്ടേ യിരിക്കുന്നുമുണ്ട്. ഇത് ഖുർആനിനെ സംരക്ഷിക്കാനുള്ള അല്ലാഹുവിന്റെ സംവിധാനത്തിൽ പെട്ടതാണെന്നതിൽ സംശയമില്ല.

വിശുദ്ധ ഖുർആനോട് പുറംതിരിഞ്ഞു നിൽക്കുന്നവരെ നാളെ പരലോകത്ത് റസൂൽ(സ്വ) കൈവിടുന്ന ഒരു ദുരന്തകാഴ്ച ഖുർആൻ തന്നെ വിവരിക്കുന്നു: "(അന്ന്) റസൂൽ പറയും: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനത ഈ ഖുർആനിനെ അഗണ്യമാക്കി തള്ളിക്കളഞ്ഞിരിക്കുന്നു" (25:30).

4. 'തദബ്ബുർ' അഥവാ ഉറ്റാലോചിക്കൽ:

'അവർ ഖുർആനെപ്പറ്റി ഉറ്റാലോചിക്കുന്നില്ലേ' എന്ന് ഖുർആൻ ചോദിക്കുന്നുണ്ട്. ഖുർആൻ മനുഷ്യന്റെ സൃഷ്ടിപ്പിലും പ്രകൃതിയിലുമൊക്കെയുള്ള ദൃഷ്ടാന്തങ്ങളെ സംബന്ധിച്ച് പറയുന്നുണ്ട്. അതിനെക്കുറിച്ചെല്ലാം ചിന്തിക്കുവാനും അല്ലാഹുവിന്റെ മാഹാത്മ്യം മനസ്സിലാക്കുവാനും അതുവഴി അവനിലേക്ക് അടുക്കുവാനുമാണ് അല്ലാഹു ആവശ്യപ്പെടുന്നത്. യഥാർഥ വിശ്വാസം ഉൾക്കൊണ്ട് ജീവിക്കുവാനാണ് അല്ലാഹു നമ്മോടാവശ്യപ്പെടുന്നത്. അങ്ങനെ ദൈവിക വചനങ്ങളുടെ ആശയങ്ങളും താൽപര്യങ്ങളും നല്ലവണ്ണം ഗ്രഹിക്കുകയും അത് മനസ്സിനെ സ്വാധീനിക്കുകയും ചെയ്യണം.

അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങളിലൂടെ കടന്നുപോകുമ്പോൾ അവന്റെ പ്രൗഢിയും പ്രഭാവവും മനസ്സിലുണരണം. ദൈവകാരുണ്യം വർണിക്കുന്ന സൂക്തങ്ങൾ പാരായണം ചെയ്യുമ്പോൾ മനസ്സ് നന്ദിനിർഭരമാവണം. അവന്റെ ശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പ് കാണുമ്പോൾ ഭയത്താൽ ഹൃദയം പ്രകമ്പിതമാകണം. വിധിവിലക്കുകൾ വായിക്കുമ്പോൾ അവയെന്തെന്ന് തിരിച്ചറിഞ്ഞ് ജീവിതത്തിൽ പകർത്താനുള്ള തീരുമാനമെടുക്കണം.

അല്ലാഹു ചോദിക്കുന്നു: "അപ്പോൾ അവർ ഖുർആൻ ചിന്തിച്ചുമനസ്സിലാക്കുന്നില്ലേ? അതല്ല, ഹൃദയങ്ങളിൻമേൽ പൂട്ടുകളിട്ടിരിക്കയാണോ?" (47:24).

5. ഖുർആനും അതിന്റെ വിശദീകരണമായ നബിചര്യയും ഒരു വിശ്വാസിയുടെ ജീവിതം എങ്ങനെയായിരിക്കണമെന്ന് കൃത്യമായി പഠിപ്പിക്കുന്നുണ്ട്. അതനുസരിച്ച് ജീവിക്കുകയും അതിൽ അടിയുറച്ച് നിലകൊള്ളുകയും ആ സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കുവാൻ പരിശ്രമിക്കുകയും വേണം.

"ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട. നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞ് കൊള്ളുക"(41:30).

ഇങ്ങനെയൊക്കെയായിരിക്കണം ഖുർആനിനോടുള്ള നമ്മുടെ സമീപനം. അല്ലാഹുവിനോടും റസൂലിനോടുമുള്ള ബാധ്യതകൾ നിറവേറ്റിക്കൊണ്ട് റമദാനിലെ വിലയേറിയ സമയം വിനിയോഗിക്കുക. ഖുർആനും റമദാനും അതിന്റെ ആളുകൾക്ക് നാളെ പരലോകത്ത് ശിപാർശ ചെയ്യുമെന്ന സന്തോഷവാർത്ത വിശ്വാസികൾക്ക് പ്രചോദനമായിരിക്കണം. ■

ലേഖനം ൭

# വിശുദ്ധ ക്വുർആൻ; അജയ്യം, അന്യൂനം

ഉസ്മാൻ പാലക്കാഴി
: 9656 292 244

അറബിസാഹിത്യ തറവാട്ടിലെ അതികായന്മാർക്കിടയിലാണ് വിശുദ്ധ ക്വുർആൻ അവതരിക്കുന്നത്. ഇന്നും അറബിഭാഷയുടെയും സാഹിത്യത്തിന്റെയും അഗാധതകളിലേക്കിറങ്ങാൻ താൽപര്യമുള്ളവരോട് പതിനാല് നൂറ്റാണ്ട് മുമ്പുള്ള അറബിക്കവിതകളെ പഠനവിധേയമാക്കുവാനാണ് ഭാഷാപണ്ഡിതന്മാർ നിർദേശിക്കാറുള്ളത്. അങ്ങനെ അറബിസാഹിത്യത്തിലെ മുടിചൂടാമന്നൻമാരായി വിരാജിച്ചിരുന്നവർ പോലും ക്വുർആനിന്റെ സാഹിത്യമേന്മയും ആശയഗാംഭീര്യവും അംഗീകരിച്ചിരുന്നുവെന്നതാണ് വാസ്തവം.

അറബികൾക്കിടയിലെ പ്രശസ്ത സാഹിത്യകാരനായിരുന്നു വലീദുബ്നു മുഗീറ. ധാരാളം കവിതകളും പ്രസംഗങ്ങളും അദ്ദേഹം മനഃപാഠമാക്കിയിരുന്നു. ഒരിക്കൽ പ്രവാചകൻ(സ്വ) നമസ്കാരത്തിൽ വിശുദ്ധ ക്വുർആൻ പാരായണം ചെയ്യുന്നത് അദ്ദേഹം കേൾക്കാനിടയായി. ക്വുർആനിന്റെ വശ്യസുന്ദരമായ സാഹിത്യമേന്മയിലും ആശയ ഭംഗിയിലും ആകൃഷ്ടനായ അദ്ദേഹം തന്റെ കുടുംബക്കാരുടെ മുന്നിൽ അതിനെക്കുറിച്ച് വിശദീകരിച്ചത് ഇപ്രകാരമാണ്: 'അല്ലാഹുവാണ് സത്യം! ഞാൻ ചില വാചകങ്ങൾ കേട്ടു. അത് മനുഷ്യരുടെ വാക്യങ്ങളല്ല. ജിന്നുകളുടെ വാക്യങ്ങളുമല്ല. അല്ലാഹുവാണ് സത്യം! അതിനൊരു പ്രത്യേക മാധുര്യവും വശ്യതയുമുണ്ട്. അത് എല്ലാറ്റിനെക്കാളും മികച്ചുനിൽക്കുന്നു. അതിനെ മികച്ചുനിൽക്കാൻ മറ്റൊന്നുമില്ല.'

മറ്റൊരിക്കൽ ഉത്ബത്ത് പ്രവാചകനോട് വിയോജിപ്പുള്ള കാര്യങ്ങൾ വിശദീകരിക്കുകയാണ്. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ പ്രവാചകൻ(സ്വ) സൂറത്തുൽ ഫുസ്സിലത്തിലെ ആദ്യഭാഗങ്ങൾ ഉത്ബത്തിനെ ഓതിക്കേൾപിച്ചു. ശേഷം അതിനെക്കുറിച്ച് ഉത്ബത്ത് തന്റെ കൂട്ടുകാരോടായി പറഞ്ഞു: 'ഞാൻ ചില വചനങ്ങൾ കേട്ടു. അല്ലാഹുവാണെ, അതിന് തുല്യമായത് ഞാൻ ജീവിതത്തിൽ കേട്ടിട്ടില്ല. അത് കവിതയിലോ മാരണത്തിലോ ജ്യോത്സ്യത്തിലോ പെട്ടതല്ല.'

ക്വുർആനിന്റെ സാഹിത്യമേന്മയും ആശയഭംഗിയും ബോധ്യപ്പെട്ട അവർ പക്ഷേ, അഹങ്കാരവും വിദ്വേഷവും നിമിത്തം ക്വുർആനിനെ തള്ളിപ്പറയുകയാണ് ചെയ്തത്. വിശുദ്ധ ക്വുർആൻ കെട്ടിച്ചമച്ചതാണെന്ന വാദവുമായി അവർ മുന്നോട്ടുവന്നു. അപ്പോൾ ക്വുർആൻ അവരെ വെല്ലുവിളിച്ചു; ഇതുപോലൊരു വേദഗ്രന്ഥം കൊണ്ടുവരാൻ: "(നബിയേ,) പറയുക: ഈ ക്വുർആൻ പോലൊന്ന് കൊണ്ടവരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ടുവരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും" (ക്വുർആൻ 17:88).

അവരുടെ പരിശ്രമം അവരെ ചില ഗദ്യപദ്യങ്ങൾ കെട്ടിച്ചമയ്ക്കുന്നതിലേക്കെത്തിച്ചു. അവസാനം അവർക്കുതന്നെ മനസ്സിലായി ഇത് വിശുദ്ധ ക്വുർആനിന് സമാനമായി എടുത്തുകാട്ടുന്നത് വിഡ്ഢിത്തമാണെന്ന്. എങ്കിലും അഹങ്കാരം സത്യത്തെ അംഗീകരിക്കാൻ അവരെ സമ്മതിച്ചില്ല. അവർ വിമർശനങ്ങളും എതിർപ്പും അഭംഗുരം തുടർന്നുകൊണ്ടിരുന്നു. അപ്പോൾ വിശുദ്ധ ക്വുർആൻ വീണ്ടും വെല്ലുവിളിച്ചു; ഈ ക്വുർആൻ നബി (സ്വ) കെട്ടിച്ചമച്ചതാണെങ്കിൽ അതിന് സമാനമായ, കെട്ടിച്ചമച്ചുണ്ടാക്കിയ പത്ത് അധ്യായങ്ങൾ കൊണ്ടുവരിക; അല്ലെങ്കിൽ ഒരു അധ്യായമെങ്കിലും കൊണ്ടുവരിക: "അതല്ല, അദ്ദേഹം അത് കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? പറയുക: എന്നാൽ ഇതുപോലെയുള്ള പത്ത് അധ്യായങ്ങൾ ചമച്ചുണ്ടാക്കിയത് നിങ്ങൾ കൊണ്ടുവരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം നിങ്ങൾ വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ" (ക്വുർആൻ 11:13). "അതല്ല, അദ്ദേഹം (നബി) അത് കെട്ടിച്ചമച്ചതാണ് എന്നാണോ അവർ പറയുന്നത്? (നബിയേ,) പറയുക: എന്നാൽ അതിന്ന് തുല്യമായ ഒരു അധ്യായം നിങ്ങൾ കൊണ്ടവരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ"(ക്വുർആൻ 10:38).



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

WISDOM students

14 Years of Colourful Smiles

നിറമുള്ള പെരുന്നാളുകളിലും,
നീറിപ്പുകയുന്ന കുടുംബകങ്ങൾ..
ഒരു കുഞ്ഞുടുപ്പിനായി
ഈദ് കിസ്‌വകളെ
മാത്രം ആശ്രയിക്കുന്നവർ..

ഉള്ളതിൽ നിന്നൊരോഹരി
ഉള്ളറിഞ്ഞ് പകുത്തുനൽകാം..

# ഈദ് കിസ്‌വ



ഒരു കുട്ടിക്ക്
₹1300

**പണം അയക്കേണ്ട അക്കൗണ്ട് വിവരങ്ങൾ:**

| | |
|---|---|
| Bank Name | AXIS BANK |
| Customer Name | WISDOM ISLAMIC ORGANIZATION EDIFICE |
| Account No. | 921010054119382 |
| Branch | Kozhikode |
| IFSC Code | UTIB0000136 |

കൂടുതൽ വിവരങ്ങൾക്ക്
7560 902 902
എന്ന നമ്പറിൽ ബന്ധപ്പെടുക

Wisdom Islamic Students Organisation Kerala State Committee
CV Complex, PV Swami Road, Calicut

wisdomstudents

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
28 February 2026

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-




മൂല്യബോധമുള്ള തലമുറയ്ക്കായി
ജീവിത നൈപുണികളോടെ...

ശാന്തവും സുരക്ഷിതവുമായ പഠനാന്തരീക്ഷം.

# GreenHome
Residential Campus For Boys & Girls

**Std 5 to Std IX**

## 2nd ADMISSION Selection Camp
**11** 2026 April Saturday 9:30AM-4PM

## ഗ്രീൻ ഹോം പ്രത്യേകതകൾ:

- **അക്കാദമിക് മികവും മെന്ററിംഗും:** വ്യക്തിഗത ശ്രദ്ധ ഉറപ്പാക്കുന്ന മികച്ച മെന്ററിംഗ് സിസ്റ്റവും കൗൺസിലിംഗ് സൗകര്യങ്ങളും.
- **ധാർമിക വിദ്യാഭ്യാസം:** സ്കൂൾ പഠനത്തോടൊപ്പം ഖുർആൻ പഠനം, പ്രാർത്ഥനാ ശീലങ്ങൾ, മതബോധം എന്നിവയിൽ ഊന്നിയുള്ള ജീവിതക്രമം.
- **ഡിജിറ്റൽ ഡിറ്റോക്സ്:** മൊബൈൽ അഡിക്ഷനിൽ നിന്ന് മാറി നിൽക്കാം
- **സുരക്ഷിത ക്യാമ്പസ്:** സൽസ്വഭാവവും ആത്മവിശ്വാസവും വളർത്താനുതകുന്ന സ്വസ്ഥമായ താമസ-പഠന സൗകര്യം
- **കഴിവുകളുടെ വികാസം:** കല, കായികം, ലീഡർഷിപ്പ് പരിശീലനങ്ങൾ. കൂടാതെ പീസ് റേഡിയോയിലൂടെ ആശയവിനിമയ മികവ് വളർത്താൻ പ്രത്യേക അവസരം.



GREEN HOME
RESIDENTIAL CAMPUS

GREEN VALLEY
PUBLIC SCHOOL

91 9061 716 600
91 9061 786 600, 91 9061 746 600

Green Valley Campus, P.O.Nellikkaparamba, Mukkam, Kozhikode E-mail: info@greenvalleycampus.com | www.greenvalleycampus.com